# പഞ്ചാംഗം.

എല്പകത്തി ൩൦. .൫൦൩൧ ൧൧൦൬ ഞായറാഴ്ച അക്ഷരം .൭

## ൧൯൩൦ ഒക്ടോബർ– ൧൧൦൬ കന്നി, – തുലാം.

എ. ഭാ. ക. മറിയത്തിന്റെ കൊന്തനമസ്കാരത്തിന്റെയും
മാലാഖാമാരുടെയും മാസം.

☞ ഈ മാസത്തിൽ ൫൦ മണിജപം ദേവാലയത്തിൽ വച്ചു കൂട്ടമായിട്ടോ തക്ക കാരണത്താൽ തനിച്ചോ, സുഖമില്ലാത്തവർ വീട്ടിൽ വച്ചോ എത്തിക്കുന്ന ഓരോ പ്രാവശ്യവും ൭ ആണ്ടും ൭ മണ്ഡലവും ദ. വി. ൧൦ ദിവസമെങ്കിലും ജപിച്ചു നിശ്ചയിക്കപ്പെട്ട മററുള്ളവയും ചെയ്താൽ പൂ. ദ. വി. ൧൩–ാം ലെയോൻ മാർപ്പാപ്പാ കല്പിച്ചനുവദിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | 15 | ബു | അ. മെ. റെമീജി. ന. ആ. കു. പെ. | വെ. |
| 2 | 16 | വ്യാ | കാവൽമാലാ. ന. ആ. കു പെ. | വെ. |
| | | | പാവർട്ടി നാല്പതുമണിയാരാധന. | |
| 3 | 17 | വെ | പാ. വേ. ഉർബാനോസ് (മേയ് 25) ന. ആ. കു. പെ. | ചു. |
| 4 | 18 | ശ | മെ. പ്രംസീസ്കോസ്. ന. ആ. കു. പെ. | വെ. |
| 5 | 19 | ഞാ | ✠ പന്ത. 17–ാം ഞാ. .൨൩ .൬ .൫ കൊന്തമാതാ. ന.കു.അ. | പ. |
| 6 | 20 | തി | മെ. ബ്രൂനൊ. ന. ആ. കു. പെ. | വെ. |
| 7 | 21 | ചൊ | ⊕ പാ. മെ. മർക്കോസ്. ന. ആ. കു. പെ. | വെ. |
| 8 | 22 | ബു | വിധ. ബ്രിജീത്താ. ന. ആ. കു. പെ. | വെ. |
| 9 | 23 | വ്യാ | വേ. ദിയാനേസി കൂട്ട. ന. ആ. കു. പെ. | ചു. |
| 10 | 24 | വെ | മെ. പ്രംസീ. ബോർ. ന. ആ. കു. പെ. | വെ. |
| 11 | 25 | ശ | പാ. വേ. ഗ്രിഗോരി. (മേയ് 25) ന. ആ. കു. പെ. | ചു. |
| 12 | 26 | ഞാ | ✠ പന്ത. 18–ാം ഞാ. .൧൦ .൭ .൨ ന. ആ. കു. പെ. | പ. |
| 13 | 27 | തി | മെ. എദ്വവാർദ്ദൂസ്. ന. ആ. കു. പെ. | വെ. |
| 14 | 28 | ചൊ | പാ. വേ. കലീസ്തൂസ്. ന. ആ. കു. പെ. | ചു. |
| 15 | 29 | ബു | ക. ത്രേസ്യാ. ന. ആ. കു. പെ. | വെ. |
| 16 | 30 | വ്യാ | വേ. പ്രീ:മാ. ഫെലിസ്യാ (ജൂൺ 9) ന. ആ. കു. പെ. | ചു. |
| 17 | 1 | വെ | ക. മർഗ്ഗരീത്താ മറി. ന. ആ. കു. പെ. | വെ. |
| 18 | 2 | ശ | എവൻ. ലൂക്കാ. ന. ആ. കു. പെ. | ചു. |
| 19 | 3 | ഞാ | ✠ പന്ത, 19–ാം ഞാ. .൧൨ .൦ .൫ ന. കു. അ. | പ. |
| 20 | 4 | തി | മെ. യോഹ. കാന്തീസ്. ന. ആ. കു. പെ. | വെ. |
| 21 | 5 | ചൊ | അ. ഹിലാരിയോൻ. ന. ആ. കു. പെ. | വെ. |
| | | | തിരുവിതാംകൂർ മഹാരാജാ ആട്ടത്തിരുനാൾ. | |
| 22 | 6 | ബു | ⊕ മറിയം ശ്ലോം. ന. ആ. കു. പെ. | വെ. |
| | | | അമ്പഴക്കാട്ടു അമ്മ ത്രേസ്യാ. തിരുനാൾ. | |
| 23 | 7 | വ്യാ | ദിവ്യരക്ഷകൻ. ന. ആ. കു. പെ. | വെ. |
| 24 | 8 | വെ | റപ്പായേൽ മാലാഖാ. ന. ആ. കു. പെ. | വെ. |
| 25 | 9 | ശ | വേ. ക്രൂസാന്തോ. ദാറി. ന. ആ. കു. പെ. | ചു. |
| 26 | 10 | ഞാ | ✠ പന്ത. 20–ാം ഞാ. .൧൨ .൯ .൨ ന. കു. അ. | പ. |
| | | | ☞ നാളെ ഇ. വി. അടുത്ത ശനി കടം. | |
| 27 | 11 | തി | ശ്ലീ. ശെമ. യൂദാ. തലേ. (ഇ. വി.) ന. ആ. കു. ത. | റോ. |
| 28 | 12 | ചൊ | ശ്ലീ. ശെമ. യൂദാ. ന. കു. പെ. | ചു. |
| 29 | 13 | ബു | രാ. മർഗ്ഗരീത്താ (ജൂൺ 10) ന. ആ. കു. പെ. | വെ. |
| 30 | 14 | വ്യാ | ശ്ലീ. ബർണ്ണവാ (ജൂൺ 11) ന. ആ. കു. പെ. | ചു. |
| 31 | 15 | വെ | സകല ശു. തലേനാൾ ന. ആ. കു. തലേ. | റോ. |



## ക്രിസ്തുരാജൻ വാഴട്ടെ!

# കർമ്മെല കുസുമം.

പുസ്തകം ൨൮) ൧൯൩൦ ഒക്ടോബർ. (ലക്കം ൧൦.


## ജപമാലരാജ്ഞി കീർത്തനം.

(വിദ്വാൻ സി. എം. സെബാസ്റ്റ്യൻ.)

("മനോഹരരൂപമുള്ള" എന്ന രീതി.)

പല്ലവി.

ജപമാലരാജ്ഞിയായ– ജപമാലരാജ്ഞിയായ ജനയിത്രീയേ!

അനുപല്ലവി.

കന്നി മേരിയേ! ദാസൻ-കുമ്പുന്നേൻ. (ജപമാലരാജ്ഞിയായ)

ചരണങ്ങൾ.

1 കളങ്കമാകെക്കഴകിലോകം– ഗണ്യമായപുണ്യംനേടാൻ.
ഗണ്യമായ പുണ്യം നേടാൻ– അനവരതം
ദിവ്യമാരിയേ– തൂകും– മേഘമേ! (ജപമാലരാജ്ഞിയായ)

2 കൊടിയപാപം ചെയ്യുവനു– പശ്ചാത്താപമേകിടുവാൻ.
പശ്ചാത്താപ മേകിടുവാൻ– നല്ലൊരായുധം.
തായേ നിൻകരേ– കാണുന്നിന്നിവൻ (ജപമാലരാജ്ഞിയായ)

3 മനുഷ്യവർഗ്ഗരക്ഷകന്റെ– ജീവിതത്തെ വർണ്ണിച്ചിടും.
ജീവിതത്തെ വർണ്ണിച്ചിടും– ഏകഗ്രന്ഥമായ്.
ജപമാലയേ തീർത്തമാതൃവേ! (ജപമാലരാജ്ഞിയായ)

4 ചരണദാസരാകുവോർക്ക്– വാഗ്ദാനങ്ങൾ നൽകി നിത്യം
വാഗ്ദാനങ്ങൾ നൽകി നിത്യം– സ്നേഹചിഹ്നമായ്
മനോമോഹനമാലയേകിയ– (ജപമാലരാജ്ഞിയായ)

5 ഇഹത്തിൽ നിന്നും സ്വർഗ്ഗരാജ്യം– ഏറീടുവാനേണിയായി
ഏറീടുവാനേണിയായി– സ്വർണ്ണമാലയേ.
ദാസനേകിയ ദേവറാണിയേ, (ജപമാലരാജ്ഞിയായ)

6 അഴകിലാത്മമലംകരിച്ച്– ദൈവസേവ ചെയ്തിടുവാൻ
ദൈവ സേവചെയ്തിടുവാൻ– രത്നമാലയേ
തന്നോരംബികേ! മനോർമാലികേ! (ജപമാലര ജ്ഞിയായ)

7 കനിഞ്ഞിടേണം സതതമെന്റെ– സൽകൃതികൾ പൂർത്തിയാക്കാൻ
സൽകൃതികൾ പൂർത്തിയാക്കാൻ– ജ്ഞാനപീഠമാം.
വാനോർറാണിയേ!– വാണീമാതൃവേ! (ജപമാലരാജ്ഞിയായ)

# പ്രസാധകക്കുറിപ്പുകൾ.

### ഒക്ടോബർമാസം.

ഭാഗ്യസ്മരണാർഹനായ പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ മനുഷ്യ സമുദായത്തിനു നേരിട്ടിരിക്കുന്ന ഭയങ്കരവിപത്തുകൾ നീക്കുന്നതിനുപയുക്തമായി തിരഞ്ഞെടുത്ത സിദ്ധൗഷധം ജപമാലഭക്തിയാണ്. മനുഷ്യസമുദായത്തെ നാശത്തിലേക്കു വലിക്കുന്നതു ലൗകികവസ്തുക്കളിന്മേലുള്ള അതിരുകവിഞ്ഞ പ്രതിപത്തിയാണ്. ഈ പ്രതിപത്തി ദോഷരഹിതമായ നിലയിൽ ഇരിക്കണമെങ്കിൽ ജനസാമാന്യം ദൈവത്തെ അറിഞ്ഞു തന്നെ സ്നേഹിക്കണം. ദൈവത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനു ഏററം പററിയ മാർഗ്ഗം ദൈവം മനുഷ്യരുടെ നേരെയുള്ള സ്നേഹംമൂലം മനുഷ്യാവതാരം ചെയ്തു പീഡകളനുഭവിച്ചതിനേപ്പററി ഗാഢമായി ചിന്തിക്കയാണു. ജപമാലഭക്തിയുടെ സാരം നമ്മുടെ ദിവ്യരക്ഷകൻെറ ജീവിതത്തേപ്പററി ധ്യാനിച്ചുകൊണ്ട് ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞമറിയം എന്നീ ജപങ്ങളും ത്രിത്വസ്തുതിയും ജപിക്ക എന്നുള്ളതാണ്. എല്ലാദിവസവും ജപമാല ജപിക്കുന്നതു കൂടാതെ ഒക്ടോബർ മാസത്തിൽ പ്രത്യേകമായി ദേവാലയത്തിലൊ മററവിടെയെങ്കിലുമൊ കൂട്ടമായി ജപമാല ജപിക്കുന്നതിനും ലെയോൻ മാർപ്പാപ്പാ ഉപദേശിച്ചിരുന്നു. ദേവാലയത്തിൽവെച്ചു ജപമാല ജപിക്കുന്ന മുറയെ പ്രോത്സാഹിപ്പിക്കുന്നതിനായി നമ്മുടെ പരിശുദ്ധ പിതാവു 11-ാംപീയൂസ് മാർപ്പാപ്പാ വി. കുർബാനയുടെ സന്നിധിയിൽ ഈ ജപം ചെയ്യുന്നവക്കു ഒരു പൂർണ്ണ ദണ്ഡവിമോചനം കല്പിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

### വി. ത്രേസ്യാപുണ്യവതികൾ.

കർമ്മലസഭയിലെ രണ്ടു വിശിഷ്ട കുസുമങ്ങളായ കൊച്ചുത്രേസ്യാപുണ്യവതിയുടെയും വലിയത്രേസ്യാപുണ്യവതിയുടെയും തിരുനാളുകൾ ഈ മാസത്തിലാണല്ലൊ. ചെറുപുഷ്പമെന്ന പേരാൽ സുപ്രസിദ്ധയായ വി. കൊച്ചുത്രേസ്യായുടെ സുകൃതപരിമളം ഇന്നു കത്തോലിക്കരുടെയെന്നല്ല കത്തോലിക്കരല്ലാത്തവരുടെ ഇടയിലും പ്രസരിച്ചുവരുന്നുണ്ടു. ഒക്ടോബർ മൂന്നാം തീയതിയാണു ഈ വിശുദ്ധയുടെ തിരുനാൾ തിരുസ്സഭ ആഘോഷിക്കുന്നതു്. മരണശേഷം റോസപുഷ്പങ്ങളെ വർഷിക്കാമെന്നു വാഗ്ദാനം ചെയ്ത ഈ വിശുദ്ധയുടെ സഹായം ഇന്നു നമുക്കു അത്യാവശ്യപ്പെട്ടിരിക്കയാണ്.

ഒക്ടോബർ പതിനഞ്ചാം തീയതിയാണു വി. വലിയ ത്രേസ്യാപുണ്യവതിയുടെ തിരുനാൾ. കർമ്മലീത്താസഭയെ നവീകരിച്ച ധീരവതിയായ സ്ത്രീരത്നം, വി. യൗസേപ്പുപിതാവിനോടുള്ള ഭക്തി പ്രചരിപ്പിച്ച പരിശുദ്ധ, രഹസ്യമായ ദൈവശാസ്ത്രകാര്യങ്ങളിൽ ഗുരുനാഥ, എന്നിങ്ങനെ പല പ്രകാരത്തിൽ പ്രസിദ്ധയായി തീർന്നിട്ടുള്ള ഒരു പുണ്യവതിയാണു ആവിലായിലെ വി. ത്രേസ്യാ.

### മെത്രാഭിഷേകം.

പുതുതായി സ്ഥാപിച്ച കോട്ടാർ രൂപതയുടെ ആദ്യമെത്രാനായി റൈററ് റവ. മോൺസിഞ്ഞോർ ലോറൻസു പെരേയിരാ തിരുമേനിയുടെ മെത്രാഭിഷേകം അടുത്ത 5-ാംനു- ഞായറാഴ്ച കോട്ടാർ വി. ശവര്യാരിൻെറ ദേവാലയത്തിൽവെച്ചു നടക്കുമെന്നും അഭിഷേകകൻ വരാപ്പുഴ മെത്രാപ്പോലീത്തായും സഹായികൾ കൊല്ലം ചങ്ങനാശേരി മെത്രാന്മാരും ആയിരിക്കുമെന്നുമറിയുന്നു. വി. ഫ്രാൻസീസ്സ് ശവര്യാർപുണ്യവാൻെറ പാദസ്പർശത്താൽ പാവനമായ കോട്ടാർ രൂപതയുടെ പ്രഥമമെത്രാൻ തിരുമനസ്സിലേക്കു കുസുമം സുദീർഘമായ ഭരണം ഹൃദയപൂർവ്വം ആശംസിക്കുന്നു. കൊല്ലം രൂപതയുടെ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള ഒരു ഭാഗമായ കോട്ടാർ, പുതിയ മെത്രാൻെറ ഭരണത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചു അചിരേണ കേരളത്തിലേ ഒരു പ്രധാന രൂപതയായി തീരട്ടെ എന്നു ഞങ്ങൾ ആഗ്രഹിക്കയും അതിനായി ദൈവത്തെ പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

ന്നതിനായി നാം തീഷ്ണതാപൂർവ്വം ജപമാലരാജ്ഞിയോടു പ്രാർത്ഥിക്കണം.

ഇപ്രകാരം ഓരോ രഹസ്യത്തേയും ധ്യാനിച്ചു അതിൽനിന്നും ഓരോ മനഗുണം മാതാവിനോടു യാചിച്ചുകൊണ്ടു കൊന്തനമസ്കാരം ജപിക്കുന്നതായാൽ നിരവധി വരങ്ങൾ നമുക്കു സ്വർഗ്ഗരാജ്ഞി വഴിയായി ലഭ്യമാകുന്നതാണ്.

## ജപമാല ജപിക്കുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ.

# ജപമാല രാജ്ഞിയുടെ വാഗ്ദാനങ്ങൾ.

(ഫാദർ റൊമേയൊ തോമ്മസ് സി.ഡി. എം.എ. (ഓണേഴ്സ്) എൽ. റ്റി.)

വേണ്ടത്തക്ക ഭക്തി ആദരങ്ങളോടു കൂടെ ജപമാല ജപിക്കുന്നവർക്കു ദൈവമാതാവു അനേകം നന്മകൾ വാഗ്ദാനം ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. അവയിൽ പ്രധാനമായവയാണ് ൟവടെ എടുത്തു കാണിക്കുന്നത്.—

1. "എന്റെ ജപമാല ജപിക്കുന്നവർക്കു എന്റെ പ്രത്യേകമായ സംരക്ഷണം ഉണ്ടായിരിക്കും.

2. നരകശക്തികളെ ജയിക്കുന്നതിനു ജപമാല അവർക്കു ബലമുള്ള ഒരായുധമായിരിക്കും; അതു ദുർഗ്ഗുണത്തെ ഉൻമൂലനം ചെയ്യും, പാപത്തെ നശിപ്പിക്കും, സകല പാഷണ്ഡതകളേയും ജയിച്ചടക്കും.

3. ജപമാലമൂലം എന്നിൽ ആശ്രയിക്കുന്നവൻ നശിച്ചുപോകയില്ല.

4. ജപമാലമൂലം നീ ചോദിക്കുന്നതൊക്കെയും നിനക്കു ലഭിക്കും.

5. ജപമാലഭക്തി പ്രചരിപ്പിക്കുന്നവർക്കു അവരുടെ എല്ലാ ആവശ്യങ്ങളിലും എന്റെ സഹായം ലഭിക്കും.

6. ജപമാലഭക്തി നിത്യരക്ഷയുടെ ഒരു വലിയ അടയാളമാണ്.

7. ജപമാലയുടെ വിശുദ്ധ രഹസ്യങ്ങളിന്മേൽ ഭക്തിപൂർവ്വം ധ്യാനിച്ചുകൊണ്ടു ജപമാല ജപിക്കുന്നവർ പീഡകളിൽ നിരാശക്കു അധീനരാകയില്ല. അവർ തക്ക ഒരുക്കമില്ലാതെ മരിച്ചു നശിക്കയുമില്ല. പാപി മാനസാന്തരപ്പെടും. സുകൃതവാൻ വരപ്രസാദത്തിൽ വർദ്ധിച്ചു നിത്യജീവനു യോഗ്യനായിത്തീരും.

8. സാക്ഷാലുള്ള ഭക്തിയോടുകൂടെ ജപമാല ജപിക്കുന്നവർ അന്ത്യകൂദാശകൾ ലഭിക്കാതെ മരിക്കയില്ല.

9. ജപമാലഭക്തരെ അവരുടെ മരണശേഷം ഒരു ദിവസത്തിനുള്ളിൽ ശുദ്ധീകരണസ്ഥലത്തിൽ നിന്നു ഞാൻ രക്ഷിക്കും.

10. ജപമാലയുടെ സാക്ഷാലുള്ള ഭക്തന്മാർ സ്വർഗ്ഗത്തിൽ ഒരു വലിയ ആനന്ദം അനുഭവിക്കും."

(Granelle's Italian Meditation on the Rosary, quoted in the "Sentinel," U. S. A., October, 1928).

# സുവിശേഷവിവരണം.

## പന്തക്കുസ്താ 17-ാം ഞായർ. (ഒക്ടോബർ 5.)

സുവിശേഷം:— "എന്നാൽ അവിടുന്ന് സാദ്ദുക്ക്യരെ മിണ്ടാതെ ആക്കിയെന്നു പ്രീശന്മാർ കേട്ടിട്ടു, അവർ ഒന്നിച്ചു വന്നു; അവരിൽ ന്യായശാസ്ത്രിയായ ഒരുത്തൻ അങ്ങെ പരീക്ഷിച്ചുകൊണ്ട് അങ്ങെയോട് ഗുരുവേ! വേദപ്രമാണത്തിൽ ഏതു കല്പനയാണ് വലിയതു എന്നു ചോദിച്ചു. ഈശോ അവനോടു അരുളിച്ചെയ്തതായതു്, നീ നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും നിന്റെ പൂർണ്ണ ആത്മാവോടും നിന്റെ പൂർണ്ണമനസ്സോടും സ്നേഹിക്ക. ഇതു് എല്ലായിലും വലിയതും ഒന്നാമത്തേതുമായ കല്പന ആകുന്നു. എന്നാൽ നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും നീ സ്നേഹിക്ക എന്ന രണ്ടാമത്തേതു ഇതിനോടു സമമാകുന്നു. ഈ രണ്ടു കല്പനകളിൽ സകല വേദപ്രമാണവും ദീർഘദർശികളും അടങ്ങിയിരിക്കുന്നു. പിന്നെ പ്രീശന്മാർ ഒന്നിച്ചുകൂടിയിരിക്കുമ്പോൾ ഈശോ അവരോടു ചോദിച്ചു, അരുളിച്ചെയ്തതായതു. ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്കു എന്തുതോന്നുന്നു? അയാൾ ആരുടെ പുത്രനാകുന്നു? ദാവീദിന്റെ എന്നു അവർ അങ്ങെയോടു പറയുന്നു. അങ്ങുന്നു അവരോടു അരുളിച്ചെയ്യുന്നു. ആകയാൽ ദാവീദു അരൂപിയിൽ അയാളെ കർത്താവു എന്നു വിളിക്കുന്നതെങ്ങിനെ? എന്തുകൊണ്ടെന്നാൽ ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലത്തുഭാഗത്തിരിക്ക എന്നു കർത്താവ് എന്റെ കർത്താവിനോടു അരുളിച്ചെയ്തു എന്നു അയാൾ ചൊല്ലിയിരിക്കുന്നുവല്ലൊ. ആകയാൽ ദാവീദു അയാളെ കർത്താവെന്നു വിളിക്കുന്നുവെങ്കിൽ അയാളുടെ പുത്രൻ ആകുന്നതെങ്ങിനെ? എന്നാറെ ആർക്കും അങ്ങെയോടു ഒരു വചനവും ഉത്തരം പറവാൻ കഴിഞ്ഞിരുന്നില്ല. ആ ദിവസം മുതൽ പിന്നെ യാതൊരുത്തനും അങ്ങെയോടു ചോദിപ്പാൻ തുനിഞ്ഞതുമില്ല." (വി. മത്തായി XXII. 34-46.)



വിവരണം:— 1. വേദപ്രമാണത്തിലെ ഏററം വലിയ കല്പന ഏതെന്നുള്ള പ്രീശന്റെ ചോദ്യം മിശിഹായെ പരീക്ഷിക്കുന്നതിനായിരുന്നുവെന്നു പറയുന്നതു എന്തുകൊണ്ടാണു?

ദൈവസ്നേഹമാണൊ ബലി സമർപ്പണമാണൊ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതെന്നു ക്രിസ്തുവിന്റെ കാലത്തു യൂദശാസ്ത്രികളുടെ ഇടയിൽ പ്രമാദമായ ഒരു തർക്കം നടന്നിരുന്നു. ഇതിനാൽ പ്രസ്തുത ചോദ്യത്തിനു ഈ രണ്ടഭിപ്രായങ്ങളിൽ ഏതെങ്കിലും ഒന്നിനെതാങ്ങിക്കൊണ്ടു ക്രിസ്തു മറുപടിപറയുമെന്നും തദ്വാരാ എതിരഭിപ്രായക്കാരുടെ അപ്രീതിക്കു പാത്രീഭൂതനാകുമെന്നും വിചാരിച്ചുകൊണ്ട് പ്രീശൻ ഈ ചോദ്യം ചെയ്തതിനാലത്രെ മിശിഹായേ പരീക്ഷിക്കുന്നതിനായി ഈ വിധം ചോദിച്ചുവെന്നു പറയുന്നതു.

2. പ്രീശന്റെ ചോദ്യത്തിനു ക്രീസ്തുകൊടുത്ത മറുപടി എന്തു? അതിൽനിന്നു നാം എന്താണു പഠിക്കേണ്ടതു്?

# ജപമാല ഭക്തി.

## ജപമാലയുടെ ഉത്ഭവം.



പൂൎവ്വകാലത്തിൽ പൗരസ്ത്യർ തങ്ങളുടെ സ്നേഹിതന്മാൎക്കു നന്ദി സൂചകമായി പൂമാലകളും പൂമുടികളും കൊടുക്കുക പതിവായിരുന്നു. അവരുടെ ഇടയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ ഈ മുറ അനുസരിച്ചു തങ്ങൾ പ്രത്യേക വിധം സ്നേഹിച്ചിരുന്ന തങ്ങളുടെ അമ്മയും ഗുരുനാഥയുമായ പരിശുദ്ധ ദൈവജനനിക്കു പൂമാലകൾ സമൎപ്പിച്ചു ആ അമ്മയെ ബഹുമാനിച്ചിരുന്നു. എന്നാൽ വി. ഗ്രിഗോരിയോസ് നസ്യാൻസൻ ഇതിനെ ഒന്നു പരിഷ്കരിച്ചു കുറേക്കൂടി ആത്മീകമായ വിധത്തിലാക്കിത്തീൎത്തു. എങ്ങനെയെന്നാൽ അദ്ദേഹം പുഷ്പങ്ങൾക്കു പകരം പല ജപങ്ങൾ കൂട്ടിച്ചേൎത്തു ഒരു ജപമാലയാക്കി അതു നടപ്പിലാക്കാൻ ശ്രമിച്ചുനോക്കി. എങ്കിലും ഈ മുറ എല്ലാവൎക്കും അത്ര എളുപ്പവും അനുകരണീയവുമായിരുന്നില്ല. അതിനാൽ പിന്നീട് 'ഐൎലണ്ടിലെ മറിയം' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ബ്രിജീത്താപുണ്യവതി വിശ്വാസപ്രമാണവും ൧ ആ. ൧൦ ന. ഇവയും ആറു പ്രാവശ്യം ചൊല്ലത്തക്കവണ്ണം കൂട്ടിച്ചേൎത്തു ഒരു ജപമാലയുണ്ടാക്കി. ഇതു് നാലാം ശതാബ്ദത്തിലായിരുന്നു. ഇതു് മുമ്പിലത്തേതിലും അധികം എളുപ്പമുള്ളതായിരുന്നതിനാൽ ഇതിനു കൂടുതൽ പ്രചാരം സിദ്ധിച്ചു. എന്നിരുന്നാലും ഇപ്പോഴത്തെ തരത്തിലുള്ള ജപമാലയോളം ഇതിനു പ്രചാരമുണ്ടായില്ല. പ്രചാരത്തിലിരിക്കുന്ന ഇപ്പോഴത്തേതാകട്ടെ നടപ്പിൽ വന്നതു ൧൩-ാം ശതാബ്ദത്തിലാണു്. ഫ്രാൻസിൽ അൽബിജേൻസിയർ എന്ന പതിതർ കത്തോലിക്കാസഭയെ പല പ്രകാരത്തിൽ ഞെരുക്കിയിരുന്നു. തന്നിമിത്തം പരിശുദ്ധ ദൈവജനനി തന്നെ വി. ദൊമ്മിനിക്കോസിനു കാണപ്പെട്ടു ഈ ഭക്തി വെളിപ്പെടുത്തുകയും ഇതുമൂലം കത്തോലിക്കർ അവരുടെ ഞെരുക്കങ്ങളിൽ നിന്നും രക്ഷപ്രാപിക്കയും ചെയ്തു.

തുൎക്കികളുമായുണ്ടായ യുദ്ധത്തിൽ ൧൫൭൧-ാംകാലം തുലാമാസം ൭-ാംനു ക്രിസ്ത്യാനികൾക്കു മോക്ഷരാജ്ഞിയുടെ പ്രത്യേക മാദ്ധ്യസ്ഥം മൂലമുണ്ടായ അത്ഭുത വിജയത്തിന്റെ നിത്യസ്മരണക്കായി തുലാമാസം ആദ്യത്തെ ഞായറാഴ്ച ജപമാലരാജ്ഞിയുടെ തിരുനാൾ ആഘോഷിക്കണമെന്നു വി. അഞ്ചാംപീയൂസ് മാൎപ്പാപ്പാ കല്പിക്കയുണ്ടായി. വിശിഷ്യാ തുലാമാസം മുഴുവനും പ്രസ്തുത ഭക്തികൃത്യം പ്രത്യേകം അനുസരിക്കണമെന്നും പിന്നീട് തിരുസിംഹാസനത്തിൽ നിന്നു് പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

## ജപമാലയുടെ വിശേഷത.

ശുദ്ധ. മാൎപ്പാപ്പാ തുടങ്ങി സകല വിശ്വാസികളുടെ ഇടയിലും ഈ ഭക്തികൃത്യം പ്രചരിച്ചിരിക്കുന്നു. കൊട്ടാരംമുതൽ കുടിൽവരെയുള്ള സകല ജനങ്ങൾക്കും, അക്ഷരജ്ഞാനമില്ലാത്തവൎക്കും, രോഗികൾക്കും, ദരിദ്രൎക്കും എന്നുവേണ്ടാ എവൎക്കും ഒരുപോലെ ഇതിനെ സ്വീകരിക്കുന്നതിനു സാധിക്കുമെന്നുള്ളതാണു് ഈ ഭക്തികൃത്യത്തിനുള്ള ഒരു വിശേഷഗുണം.

ഈ നമസ്കാരത്തിൽ മാതാവിന്റെയും ന. കൎത്താവിന്റെയും ജീവിതകാലത്തിലെ പ്രധാന സംഭവങ്ങളെല്ലാം അടങ്ങിയിരിക്കുന്നു.

പ്രധാനപ്പെട്ട രണ്ടു കൃപാമാൎഗ്ഗങ്ങളിൽ ഒന്നു പ്രാൎത്ഥനയാണല്ലോ. പ്രാൎത്ഥനയാകട്ടെ രണ്ടുതരമുണ്ടു്. മനഃ

പ്രാർത്ഥന അഥവാ ധ്യാനവും വാചാപ്രാർത്ഥനയും. എന്നാൽ ഈ ജപമാലപ്രാർത്ഥനയിൽ ഇവ രണ്ടും അടങ്ങിയിട്ടുണ്ട്. ജപമാലയിലെ വാചാപ്രാർത്ഥനകൾ പ്രധാനമായി വിശ്വാസപ്രമാണവും ആകാശങ്ങളിലിരിക്കുന്നതും നന്മനിറഞ്ഞമറിയവും ത്രീത്വസ്തുതിയുമാണ്. ഇവ ഏററവും വിശേഷപ്പെട്ടതും പ്രധാനപ്പെട്ടതുമായ ജപങ്ങളാണെന്നു പറയേണ്ടതില്ലല്ലോ.

ജപമാല ജപിക്കുന്നവർ വേദത്തിലെ രഹസ്യങ്ങളെപ്പററി ധ്യാനിക്ക കൂടി ചെയ്യേണ്ടതാണു. ഈ ധ്യാനവിഷയമാകട്ടെ മൂന്നുതരത്തിലാണ്. സന്തോഷത്തിനടുത്തതും, ദുഃഖത്തിനടുത്തതും മഹിമക്കടുത്തതും. ഇവയിൽ ഒന്നാമത്തെ ഭാഗത്തിൽ നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരവും, രണ്ടാമത്തെതിൽ തൻെറ പങ്കപ്പാടും, മൂന്നാമത്തെതിൽ തൻെറ മഹത്വവും അടങ്ങിയിരിക്കുന്നു. ഒന്നാമത്തതിൽ പൂർവ്കാലം തുടങ്ങി പ്രതീക്ഷിച്ചിരുന്ന രക്ഷകൻെറ വരവിനാൽ കർത്താവിനോടുകൂടെ നാം സന്തോഷിക്കണമെന്നും രണ്ടാമത്തതിൽ മിശിഹായുടെ പങ്കപ്പാടിൻമേൽ ധ്യാനിച്ചുകൊണ്ടു നമ്മുടെ പാപങ്ങളെക്കുറിച്ചു അനുതപിക്കണമെന്നും മൂന്നാം ഭാഗത്തിൽ മിശിഹായോടുകൂടി കുരിശു ചുമക്കുന്നവനു മിശിഹായോടുകൂടി മഹത്വപ്പെടാമെന്നും കാണിക്കുന്നു.

## ജപിക്കേണ്ടും വിധം.

നാം കൊന്തനമസ്കാരം ജപിക്കുന്നതു എങ്ങിനെയെങ്കിലും ചൊല്ലിതീർക്കണമെന്ന ഉദ്ദേശത്തോടു കൂടിയാകരുത്. പിന്നെയൊ നമസ്കാരവും അതിനോടുകൂടി ധ്യാനവും ഒന്നിച്ചു കഴിപ്പാനാവശ്യമാണ്. ഇതെങ്ങിനെ സാധിക്കുമെന്നു ചിലർ ചോദിച്ചേക്കാം, അതിനു ഒരു എളുപ്പവഴിയുണ്ടു്. ഒന്നാമത്തെ രഹസ്യമാണു നാം ചൊല്ലുന്നതെങ്കിൽ ഗൌറിയേൽ മാലാഖാ മാതാവിനോടു മംഗലവാർത്ത ചൊല്ലുന്ന ആ സംഭവം നമ്മുടെ കൺമുമ്പാകെ നടക്കുന്നതായിട്ടു രൂപീകരിക്ക. ഇങ്ങിനെ മററു ഓരോ രഹസ്യത്തിലും ചെയ്യുക. കൂടാതെയും ഓരോ രഹസ്യത്തിലും ഓരോ മനോഗുണംകൂടെ അപേക്ഷിക്കുന്നതു നന്നായിരിക്കും, അതായതു ഒന്നാമത്തെ രഹസ്യത്തിൽ ദൈവതിരുമനസ്സിനോടു മാതാവിനുള്ള കീഴ്വഴക്കവും, രണ്ടാമത്തതിൽ മാതാവിനുള്ള ഉപവിയും, മൂന്നാമത്തതിൽ നമ്മുടെ കർത്താവിൻെറ എളിമയും ദാരിദ്ര്യവും, നാലാമത്തതിൽ പ്രമാണം കാക്കുന്നതിൽ മാതാവിനുള്ള സൂക്ഷ്മവും, അഞ്ചാമത്തതിൽ ജന്മപാപത്തിൻെറ നിഴൽപോലും ഇല്ലാത്ത തന്നിൽനിന്നു ദിവ്യഉണ്ണി പിരിഞ്ഞുപോയതിനാൽ കരഞ്ഞുകൊണ്ടു് അങ്ങുമിങ്ങും അന്വേഷിച്ചുനടന്ന മാതാവിൻെറ മാതൃക അനുസരിച്ചു പാപാശുദ്ധങ്ങളാൽ തമ്മിൽ നിന്നു നഷ്ടപ്പെടുന്ന ഇഷ്ടപ്രസാദത്തെ വീണ്ടും പ്രാപിക്കുന്നതിലുള്ള താല്പര്യവും ശുഷ്കാന്തിയും നാം കണ്ടുപഠിച്ചു ആ മനോഗുണങ്ങൾ നമുക്കുണ്ടാകുന്നതിനു നാം അപേക്ഷിക്കണം.

ഇങ്ങനെ തന്നെ ദുഃഖത്തിനടുത്ത ദിവ്യരഹസ്യങ്ങളിൽ ഒന്നാമത്തതിൽ പാപങ്ങളിന്മേലുള്ള വെറുപ്പും, രണ്ടാമത്തതിൽ തപഃപ്രായശ്ചിത്തങ്ങളിന്മേലുള്ള താല്പര്യവും, മൂന്നാമത്തതിൽ അശുദ്ധതയിന്മേലുള്ള ഭയവും നാലാമത്തതിൽ പാടുപീഡകളിന്മേൽ സ്നേഹവും, അഞ്ചാമത്തതിൽ കുരിശുമരണത്തോളം കീഴ്വഴങ്ങിയ ക്രിസ്തുവിൻെറ പരിപൂർണ്ണമായ അനുസരണവും നമ്മിലുണ്ടാകുന്നതിനു നമ്മെ സഹായിക്കുന്നതിനായി നാം പരിശുദ്ധ കന്യകയോടു പ്രാർത്ഥിക്കുന്നതു നന്നായിരിക്കും. ഇതുപോലെ മഹിമക്കടുത്ത ദിവ്യ രഹസ്യങ്ങളിൽ ഒന്നാമത്തേതിൽ അന്ത്യത്തോളം വരപ്രസാദത്തിലുള്ള നിലനിൽപ്പും, രണ്ടാമത്തേതിൽ നിത്യഭാഗ്യത്തെപ്പററിയുള്ള സ്മരണയും, മൂന്നാമത്തേതിൽ പരിശുദ്ധാരൂപിയുടെ ആലയമായ ആത്മശരീരത്തെ മലിനപ്പെടുത്താതെ സൂക്ഷിക്കുന്നതിനുള്ള വരവും, നാലാമത്തേതിൽ പരിശുദ്ധ കന്യകയുടെ മഹത്വഭാഗ്യങ്ങളെപ്പററിയുള്ള ചിന്തയും, അഞ്ചാമത്തതിൽ ദേവമാതാവിനോടുള്ള പരമാർത്ഥഭക്തിയും നമ്മിൽ ജനിപ്പിക്കു

ഏററം വലിയതും ഒന്നാമത്തേതുമായ പ്രമാണം ദൈവസ്നേഹമാണെന്നും, അതിനോടു സമമായ രണ്ടാമത്തെ പ്രമാണം പരസ്നേഹമാണെന്നുമാണു ക്രീസ്തുവിൻെറ മറുപടി. ഇതിൽ നിന്നും എല്ലാവറേറയുംകാൾ അധികമായി ദൈവത്തെയും നമ്മെപ്പോലെ തന്നെ മററുള്ളവരേയും നാം സ്നേഹിക്കണമെന്നാണു മിശിഹാ ഉപദേശിക്കുന്നതു.

3. ദൈവത്തേ നാം എങ്ങിനെ സ്നേഹിക്കണം?

നമ്മുടെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും കൂടെ നാം ദൈവത്തെ സ്നേഹിക്കണം. ഇതിനാൽ ദൈവം സർവ്വസ്നേഹത്തിനും പാത്രമായ സർവ്വനന്മസ്വരൂപിയും നമുക്കു ജീവനും വരപ്രസാദവും നിരവധി ദാനങ്ങളും സ്വർഗ്ഗീയാവകാശവും പ്രദാനം ചെയ്യുന്ന പരമോപകാരിയുമാണെന്നു് നാം ബോധത്തിൽ ധരിച്ചു സൃഷ്ടികളേക്കാൾ സ്രഷ്ടാവിനെ ഹൃദയപൂർവ്വം സ്നേഹിക്കയും അവിടുത്തേക്കു നന്ദി പ്രദർശിപ്പിക്കയും സകല പ്രവൃത്തികളും ദൈവസ്നേഹത്തെപ്രതി ചെയ്തുകൊണ്ടും, അവിടുത്തേക്കു അനിഷ്ടമായ പാപങ്ങളെയും പാപകാരണങ്ങളെയും വർജ്ജിച്ചും തൻെറ പ്രമാണങ്ങളെ അനുസരിച്ചും തനിക്കിഷ്ടമായ പുണ്യപ്രവർത്തികൾ ചെയ്തുകൊണ്ടും ദൈവത്തെ നാം സ്നേഹിക്കണം.

4. ഏററം വലിയ പ്രമാണം ഏതെന്നു പ്രീശൻ ചോദിച്ചതിനു ദൈവസ്നേഹം എന്നുമാത്രം മറുപടിപറഞ്ഞാൽ മതിയായിരുന്നുവെന്നിരിക്കെ രണ്ടാമത്തേപ്രമാണം പരസ്നേഹമാണെന്നു കൂടെ മിശിഹാ കൂട്ടിചേർത്തു പറഞ്ഞതെന്തുകൊണ്ടു്?

ഈവിധംചെയ്തതുപരസ്നേഹത്തിൻെറ പ്രാധാന്യംകാണിക്കുന്നതിനത്രെ. ദൈവസ്നേഹ പരസ്നേഹങ്ങൾ അഭേദ്യമാണു്. ഒരുവനിൽ പരമാർത്ഥമായ ദൈവസ്നേഹമുണ്ടോയെന്നറിയുന്നതിനുള്ള ഒരു മാനദണ്ഡമാണു പരസ്നേഹമെന്നു പറയാം. പരസ്നേഹമില്ലാത്തവനിൽ ദൈവസ്നേഹമുണ്ടാകയില്ല. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറകയും തൻെറ സഹോദരനെ ദ്വേഷിക്കയും ചെയ്യുന്നവൻ കള്ളൻ(liar) ആകുന്നു. എന്തെന്നാൽ കാണുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണാത്ത ദൈവത്തെ എങ്ങിനെ സ്നേഹിക്കാൻ കഴിയും? ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നീ കല്പന നമുക്കു ദൈവത്തിൽ നിന്നും ലഭിച്ചിരിക്കുന്നു. (വി. യോഹ. 1. കുറി. IV. 20. 21.)

5. തന്നെപ്പോലെ തന്നെ അയൽക്കാരനെയും സ്നേഹിക്കുന്നതെങ്ങിനെ?

നമുക്കുണ്ടാകണമെന്നു നാം ആഗ്രഹിക്കുന്ന നന്മകൾ ഇതരന്മാർക്കും ഉണ്ടാകണമെന്നു നാം ആഗ്രഹിക്കയും നമ്മാൽ കഴിവുള്ള സഹായങ്ങളൊക്കെയും അവർക്കു ചെയ്തുകൊടുക്കയും ചെയ്യണം. ഇങ്ങനെ തന്നെ നമുക്കുണ്ടാകരുതെന്നു നാം ആഗ്രഹിക്കുന്ന തിന്മകളും ഉപദ്രവങ്ങളും മററുള്ളവർക്കും ഉണ്ടാകരുതെന്നു നാം ആഗ്രഹിക്കണം. അവർക്കു അസഹ്യമൊ അനിഷ്ടമോ വരുത്തുന്ന യാതൊന്നും നമ്മുടെ വചനത്തിലൊ പ്രവൃത്തിയിലൊ ഉണ്ടാകാതിരിപ്പാൻ നാം സൂക്ഷിക്കണം. ഈ വിധം നാം ചെയ്യുന്നുവെങ്കിൽ 'നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെയും നീ സ്നേഹിക്ക' എന്നുള്ള കർത്താവിൻെറ പ്രമാണം ശരിവരെ നാം നിറവേററുന്നതാണു്.

6. പ്രീശന്മാരോടു് "ക്രിസ്തുവിനെപ്പററി നിങ്ങൾ എന്തുവിചാരിക്കുന്നു" എന്നുള്ള ചോദ്യത്താൽ മിശിഹാ പഠിപ്പിക്കുന്നതെന്തു?

ദുഷ്ട നിയോഗത്തോടെ മിശിഹായെ പരീക്ഷിച്ച ആ പ്രീശന്മാരുടെ ബോധത്തെ പ്രകാശിപ്പിച്ചു നരദൈവമായ തന്നിൽ, അതെ, മനുഷ്യനെന്നുള്ള നിലയിൽ ദാവീദിൻെറ പുത്രനും ദൈവമെന്നുള്ള നിലയിൽ ദാവീദിൻെറ കർത്താവുമായ തന്നിൽ വിശ്വസിച്ചു സൽപന്ഥാവിലൂടെ അവർ വ്യാപരിക്കുന്നതിനു അവരെ സഹായിച്ചതിൽനിന്നും നമ്മുടെ ശത്രുക്കളെപ്പോലും നാം സ്നേഹിച്ചു സഹായിക്കണമെന്നു മിശിഹാ നമ്മെ പഠിപ്പിക്കുന്നു.

# മ്ശിഹായുടെ രാജത്വം.

(ഫാദർ തോമസ്സ് മൂഞ്ഞേലി.)

ഭാഗ്യമായി വാഴുന്ന പരിശുദ്ധപിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനായി വാഴ്ചയേററതോടെ സ്വീകരിച്ച മുദ്രാവാചകം "ക്രിസ്തുവിൻെറ രാജത്വത്തിൽ ക്രിസ്തുവിൻെറ സമാധാനം" എന്നാകുന്നു. ഈ മുദ്രാവാക്യത്തെ സവിശദം വ്യാഖ്യാനിച്ചും സമർത്ഥിച്ചും അവിടന്നു ലോകത്തിനു ഒരു സന്ദേശമയക്കയും, അതു സർവ്വത്ര ശ്ലാഘിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ലാ, ക്രിസ്തുവിൻെറ രാജത്വം കത്തോലിക്ക ലോകമാസകലം ആഘോഷിക്കുന്നതിനായി പരിശുദ്ധപിതാവു 1928-ൽ നൂതനമായ ഒരു തിരുനാൾ കല്പിച്ചു നിശ്ചയിച്ചിട്ടുള്ളതും സ്തുത്യമാണല്ലൊ. സകലരും പ്രസ്തുത തിരുനാളിൽ സൌകര്യമായി സംബന്ധിച്ചു വിശുദ്ധകുർബ്ബാന സ്വീകാരം ചെയ്യുന്നതിനായി ഒരു ഞായറാഴ്ചദിവസമാണു തിരുനാളാഘോഷത്തിനു നിശ്ചയിച്ചിട്ടുള്ളതു്. സകലവിശുദ്ധന്മാരുടെ തിരുനാളിനു മുമ്പുവരുന്ന ഞായറാഴ്ച ക്രിസ്തുവിൻെറ രാജത്വതിരുനാളായിരിക്കണമെന്നു പരിശുദ്ധ പിതാവു തീർച്ചയാക്കിയിട്ടുള്ളതു സർവ്വഥാ ഉചിതമായിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, സകല വിശുദ്ധന്മാരുടെ തിരുനാൾ ദിനമാണല്ലൊ ക്രിസ്തുവിൻെറ ഭൌമിക സാമ്രാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ, നാം സ്വർഗ്ഗീയസാമ്രാജ്യത്തിലെ നിവാസികളോടു ചേർന്നു അവിടത്തെ സ്തുതികളെ കീർത്തിച്ചുവരുന്നതു്. സകല വിശുദ്ധന്മാരുടെ തിരുനാളിനു ഒരുക്കമായി നമ്മുടെ ദിവ്യഗുരുവും രാജാവുമായ അവിടത്തെ സ്തുതിക്കുന്നതു എത്രയും ഉചിതംതന്നെയാണല്ലൊ.

ലോകമഹായുദ്ധാനന്തരം, വിവിധ ജാതികൾ തമ്മിലുള്ള വേഴ്ച തീരെ അക്രിസ്തീയതരമായും, വ്യക്തികളുടെയിടയിലുണ്ടായിരിക്കേണ്ട സമാധാനത്തിൻെറ അഭാവം സർവ്വത്ര പ്രത്യക്ഷപ്പെട്ടുമാണു കണ്ടുവരുന്നതു്. വ്യക്തികളും ദൈവവും തമ്മിലൊ, വ്യക്തികളുടെയിടയിലൊ, വിവിധജാതിക്കാരുടെയിടയിലൊ മതബോധംകൂടാതെ സുസ്ഥിരമായ സമാധാനത്തിനു മാർഗ്ഗമില്ലെന്നു കത്തോലിക്കരായ നമുക്കേവക്കും നല്ലവണ്ണം അറിയാം. ദൈവസ്ഥാപിതവും സാക്ഷാത്തായതുമായ മതം ഒന്നേയുള്ളുവെന്നും, അതുവഴിയായിട്ടുമാത്രമെ ദൈവാനുഗ്രഹങ്ങൾ ജനങ്ങൾക്കു സിദ്ധിക്കുന്നൊള്ളുവെന്നും നിസ്തക്കമാണു്. ഏതൽകാരണത്താൽ, സാക്ഷാത്തായ സമാധാനം അന്വേഷിക്കേണ്ടതു ക്രിസ്തുവിൻെറ മതത്തിലാണു. അതിൽമാത്രമെ, മനുഷ്യഗണത്തിന്മേലുള്ള തൻെറ ആദ്ധ്യാത്മികഭരണം അംഗീകൃതമായിട്ടൊള്ളൂ. ക്രിസ്തീയ ജാതിക്കാരേവരും ക്രിസ്തുവിനെ തങ്ങളുടെ പരമരാജനായി അംഗീകരിച്ചു ബഹുമാനിക്കുന്നതുപോലെ വേറെ ഒന്നും സമാധാന പ്രാപ്തിക്കുതകുന്നതല്ലാ.

ഇതു അവിതർക്കിതമായ സത്യമാകയാൽ, അതിനെ പ്രായോഗികമാക്കിതീർക്കുവാൻ നമ്മളേവരും മനസ്സറിഞ്ഞു സഹകരിക്കേണ്ടതു നമ്മുടെ ചുമതലയാകുന്നു. പരിശുദ്ധ പിതാവിൻെറ സന്ദേശത്തിനു ഭംഗിവാക്കു പറഞ്ഞു സ്വാഗതമരുളിയാൽ മാത്രം പോരാ. തദർത്ഥം നാം പരിശ്രമിക്കയുംകൂടി ചെയ്യണം. അകയാൽ, ക്രിസ്തുവിനെ നാം നമ്മുടെ രാജാവായിട്ടും, ഭൂലോകത്തിൻെറ രാജാവായിട്ടും ബഹുമാനിക്കയും, ആസന്നമായിരിക്കുന്ന പുതിയരാജത്വതിരുനാൾ നമുക്കുപകാരപ്രദമായ വിധം ആചരിക്കയും വേണം. പരിശുദ്ധ പിതാവു ലോകത്തിന്നയച്ച സന്ദേശത്തിൽ, ഈ ഭൂമിയിൽ തൻെറ ദിവ്യപുത്രൻ കൈവരിക്കേണ്ട സ്ഥാനത്തെ സർവ്വശക്തൻ പ്രവ്യക്തമാക്കു

ന്നതായികാണിക്കുന്നവേദപുസ്തകത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. വിശുദ്ധ മത്തായി ഏവൻഗെലിസ്താ പല അവസരങ്ങളിലും സ്വർഗ്ഗീയ സാമ്രാജ്യത്തെ പററി തന്റെ സുവിശേഷത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനെ വ്യാഖ്യാനിച്ചുകൊണ്ടു വിശുദ്ധ ഗ്രിഗോറിയോസു, അതു ക്രീസ്തുവിന്റെ സാമ്രാജ്യത്തെ അൎത്ഥമാക്കിയാണു പറഞ്ഞിട്ടുള്ളതെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ക്രീസ്തുവിനു അനേകം ശതകങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ദാനിയേൽ പ്രവാചകൻ, ഇഹത്തിൽ ക്രൈസ്തവസാമ്രാട്ടിനെ സൂചിപ്പിച്ചുകൊണ്ടു, "എല്ലാജാതിക്കാരും, വംശക്കാരും, ഭാഷക്കാരും അദ്ദേഹത്തെ സേവനം ചെയ്യുമെന്നും, തന്റെ ശക്തി നശ്വരമല്ലാത്ത ദിവ്യശക്തിയാണെന്നും, തന്റെ സാമ്രാജ്യം ഒരിക്കലും ശൂന്യപ്പെടുകയില്ലെന്നും" പ്രവചിച്ചിട്ടുണ്ട്. ഒരു ദൈവദൂതൻ ഈ രാജാവിന്റെ ആഗമനത്തെ പരിശുദ്ധ കന്യകമറിയത്തോടു അറിയിച്ചപ്പോൾ, "തന്റെ സാമ്രാജ്യത്തിനു അവസാനമുണ്ടാകയില്ല" എന്നു പ്രസ്താവിച്ചു. ഭൂമിയിലുള്ള ക്രൈസ്തവ സാമ്രാജ്യത്തിന്റെ വിശ്വസ്ത അംഗങ്ങളായ നാം നിൎവ്വാണം ചെയ്യുമ്പോൾ തന്റെ സ്വർഗ്ഗീയ സാമ്രാജ്യത്തിലെ പൌരന്മാരായി തീരുകയാണു ചെയ്യുന്നതു്.

ദൈവകല്പനകൾമൂലം അറിയപ്പെട്ടിട്ടുള്ള തന്റെ തിരുമനസ്സു നിവ്വഹിക്കുന്നതിൽ ക്രീസ്തുവിന്റെ രാജത്വം അംഗീകരിക്കപ്പെടുകയും, മതനിഷ്ഠയുള്ളവർ തനിക്കു സേവനം ചെയ്യുകയും ചെയ്തുവരുന്നുണ്ടെങ്കിലും, അസംഖ്യം വാനാരൂപികളും, ജ്ഞാനസ്നാന സ്വീകരണം ചെയ്തിട്ടുള്ള നിഷ്കന്മഷരായ ശിശുക്കളും, ലോകം പിശാചു, ശരീരം എന്നീ ശത്രുക്കളുടെ ആക്രമണങ്ങളോടു സധൈൎയ്യം സമരം ചെയ്തു വിജയം പ്രാപിച്ച ധീരഭടന്മാരും സ്വർഗ്ഗത്തിൽ തന്നെ അനവരതം ആരാധിക്കയും സ്നേഹിക്കയും ചെയ്തുവരുന്നുണ്ടു്. അസംഖ്യം ജനങ്ങൾ ക്രീസ്തുവിനു സേവനം ചെയ്യാതെ നേർവഴിയിൽ നിന്നു വ്യതിക്രമിച്ചു ജീവിച്ചുവരുന്നതു കാണുമ്പോൾ, കത്തോലിക്കരായ നമ്മൾ, ഉപരിയുപരി ലോകത്തെ ആശ്രയിച്ചും ദൈവത്തെ വിസ്മരിച്ചും വരുന്ന അചിന്തകന്മാരായ ജനങ്ങളെപ്പോലെ ലോകഗതിയെ അനുഗമിക്കാതെ ജീവിതം നയിക്കണമെന്നാണു പരിശുദ്ധ പിതാവു ഉപദേശിക്കുന്നതു. സൎവ്വജാതീയ കാൎയ്യാലോചനാസംഘങ്ങളിൽ നമ്മുടെ ദിവ്യരക്ഷകന്റെ പരിശുദ്ധനാമത്തെ അധിക്ഷേപിക്കുന്നതും രാജകൊട്ടാരങ്ങളിൽ തനിക്കു ശരിയായ സ്ഥാനം നല്കപ്പെടാത്തതും കാണുമ്പോൾ തന്റെ അധികാരശക്തിയെ നമ്മൾ ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്യുകയും ക്രീസ്തുവിന്റെ രാജശക്തിയും രാജ പദവിയും ക്രമതലായി പ്രചരിക്കുന്നതിനു പരിശ്രമം ചെയ്യുകയും ചെയ്യേണ്ടതാണെന്നാണു പരിശുദ്ധപിതാവിന്റെ അഭിലാഷം.

വിശുദ്ധ സ്മരണാൎഹനായ പത്താം പീയൂസ് പാപ്പാ, പ്രതിവൎഷം ഈശോയുടെ എത്രയും പരിശുദ്ധ ഹൃദയത്തിനു മനുഷ്യവൎഗ്ഗമാസകലം പ്രതിഷ്ഠിക്കണമെന്നു കല്പിച്ചിട്ടുള്ളതുപോലെ, ഈ പുതിയ തിരുനാൾ സ്ഥാപനം മുഖേന ആ പ്രതിഷ്ഠ നവീകരിക്കണമെന്നാണു പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു അഭിലഷിക്കുന്നതു്. ആകയാൽ, കത്തോലിക്കരായ നമ്മൾ നമ്മുടെ വ്യക്തിപരവും സാമുദായികവുമായ സൎവ്വ പരിശ്രമങ്ങളിലും ക്രീസ്തുവിന്റെ സമാധാനം പരമോദ്ദേശമായി സ്വീകരിച്ചു, അടുത്തുവരുന്ന അവിടത്തെ രാജത്വതിരുനാൾ ദിനം മനുഷ്യസമുദായത്തിൽ അതിനു പൂൎവ്വാധികം പ്രചാരവും പ്രതിഷ്ഠയും വരുത്താൻ സൎവ്വാത്മനാ യത്നിക്കേണ്ടതാണ്.

# അൽഭുതങ്ങളും കത്തോലിക്കാസഭയും.

(ഫാദർ വില്യം സി.ഡി., എം.ഏ. (ഓണേഴ്സ്) എൽ. ററി.)

സാധാരണ നിയമങ്ങൾക്കു വിരുദ്ധമായി പ്രകൃതിയിൽ നടക്കുന്ന സ്വഭാവാതീത സംഭവങ്ങളെയാണു 'അൽഭുതം' (Miracle) എന്ന സംജ്ഞയാൽ സൂചിപ്പിക്കുന്നതു്. അൽഭുതസംഭവം എപ്പോഴും ഇന്ദ്രിയഗോചരമായിരിക്കണം. വേറെ വിധത്തിൽ പറഞ്ഞാൽ അത്ഭുതസംഭവം നടന്നതായി ആരെങ്കിലും കണ്ടുബോധിച്ചിരിക്കണം. മാത്രമല്ല ഇതു പ്രകൃതിയുടെ സാധാരണ ഗതിയിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കയും വേണം. തീജ്വാലയിൽ അകപ്പെട്ടിട്ടും ഒരു ഉണങ്ങിയ വിറകുകൊള്ളി അഗ്നിക്കിരയാകയില്ലെങ്കിൽ അതു പ്രകൃതിനിയമത്തിനു വിരോധമാണു്. മേല്പോട്ടെറിഞ്ഞ കല്ലു താഴെ വീഴാതിരിക്കുന്നതും പ്രകൃതിനിയമവിരുദ്ധം തന്നെ.

എന്നാൽ അത്ഭുതം സ്വഭാവാതീതമായിരിക്കണം. മനുഷ്യബലംകൊണ്ടോ മററു വല്ല സൃഷ്ടികളുടെയും സ്വാഭാവികശക്തി ഉപയോഗിച്ചോ ചെയ്വാൻ അസാദ്ധ്യമായ സംഭവമേ അത്ഭുതമായി ഗണിക്കാവൂ. തൻമൂലം അഭിചാരതന്ത്രം പ്രയോഗിച്ചും ദുഷ്ടാരൂപികളുടെ സഹായത്താലും നടത്തുന്ന ചില വിസ്മയകരപ്രവൃത്തികളെ അത്ഭുതങ്ങളെന്നു പറഞ്ഞുകൂടാ. സാധാരണ ജനങ്ങൾ ഇവയെ അത്ഭുതങ്ങളെന്നു തെററിദ്ധരിച്ചേക്കാം. പക്ഷേ യഥാർത്ഥമായ അത്ഭുതം പ്രകൃതിനിയമത്തെ വ്യതിചലിപ്പിക്കുന്നതാകയാൽ പ്രകൃതിനിയമകർത്താവിനുമാത്രമെ നിയമത്തെ വ്യതിചലിപ്പിച്ചു അത്ഭുതം പ്രവർത്തിക്കുന്നതിനു അധികാരവും ശക്തിയുമുള്ളു.

അങ്ങിനെയെങ്കിൽ അത്ഭുതങ്ങൾ സംഭാവ്യമാണോ എന്നു ഒരു ചോദ്യമുണ്ടാകാം. അനുസരണരൂപത്തിലാണു മറുപടി പറയുന്നതു്. നിയമകർത്താവിനു ചില പ്രത്യേകാവസരങ്ങളിൽ സ്വന്തനിയമങ്ങളെ മാററി വെയ്ക്കുന്നതിനു അധികാരമില്ല എന്നു പറയുവാൻ നിവൃത്തിയില്ല. ഏകസത്യമതത്തിന്റെ ദിവ്യതയെ പ്രസ്പഷ്ടമാക്കുന്നതിനൊ ദൈവമഹിമയുടെ വർദ്ധനയ്ക്കോ തന്റെ ഉന്നത സൃഷ്ടിയായ മനുഷ്യന്റെ നന്മയ്ക്കോ ആവശ്യമെന്നു കാണുന്ന അവസരങ്ങളിൽ ദൈവം പ്രകൃതിനിയമങ്ങളെ വ്യതിചലിപ്പിച്ചതായി ക്രിസ്തീയ വേദപുസ്തകം സാക്ഷ്യം വഹിക്കുന്നുണ്ടു്. അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി മിശിഹാ തന്നിൽ വിശ്വസിക്കുന്നവർക്കു വാഗ്ദാനം ചെയ്തിട്ടുള്ളതാണെന്നു വി. മർക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 17-ാം വാക്യത്തിൽ നിന്നു വിശദമാണു്. ദൈവശുശ്രൂഷികളായ പുണ്യാത്മാക്കൾ പല അത്ഭുതങ്ങളും പ്രവർത്തിച്ചിട്ടുള്ളതിനും വേദപുസ്തകം സാക്ഷ്യം വഹിക്കുന്നു. അത്ഭുതങ്ങൾ സാംഭാവ്യങ്ങളാണെന്നു കത്തോലിക്കാസഭ വിശ്വസിക്കുന്നുണ്ടെങ്കിലും ഓരോരോ അത്ഭുതങ്ങളിൽ വിശ്വസിക്കുന്നതിനു മുമ്പായി വേണ്ട അന്വേഷണം നടത്തി തീരുമാനം ചെയ്യുകയാണ് മുറ. സാമാന്യമായി വിശുദ്ധന്മാരെ നാമകരണം ചെയ്യുന്നതു സംബന്ധിച്ചാണു അത്ഭുതങ്ങളെക്കുറിച്ചു ഔദ്യോഗികപ്രസ്താവന ചെയ്യേണ്ട ആവശ്യം തിരുസഭക്കു നേരിടുന്നതു്.

ഒരു സുകൃതവാൻ മരണശേഷം രണ്ടു യഥാർത്ഥഅത്ഭുതങ്ങൾ പ്രവർത്തിച്ചതായി ബോധ്യപ്പെട്ടെങ്കിൽമാത്രമെ ആ ആളിനു

'ഭാഗ്യവാൻ' (Blessed)എന്നു പേരു നൽകുകയൊള്ളു. ഇങ്ങിനെ ഭാഗ്യവാൻ എന്ന നാമകരണം ചെയ്തുകഴിഞ്ഞിട്ടു വേറെ രണ്ടു അത്ഭുതങ്ങൾ പ്രവൎത്തിച്ചാൽ മാത്രമെ വിശുദ്ധൻ (Saint) എന്ന നാമം അദ്ദേഹത്തിനു നൽകുന്നുള്ളു.

അത്ഭുതങ്ങളെപ്പറ്റി തിരുസഭ നടത്തുന്ന അന്വേഷണരീതി ചുരുക്കത്തിൽ വിവരിക്കുന്നതായാൽ ഇക്കാൎയ്യത്തിൽ കത്തോലിക്കാസഭ എത്ര അധികം ശ്രദ്ധ പതിക്കുന്നുണ്ടെന്നു വായനക്കാൎക്കു മനസ്സിലാകുന്നതാണ്.

അത്ഭുതങ്ങൾ സംബന്ധിച്ചുള്ള അന്വേഷണം മുറക്കുള്ള ഒരു കേസ്സു വിസ്താരരീതിയിലാണ് നടത്തുന്നത്. വാദിഭാഗം വക്കീലും, പ്രതിഭാഗം വക്കീലും, സാക്ഷികളും, കൎദ്ദിനാൾമാരായ ജഡ്ജിമാരുടെ മുമ്പിൽ വിസ്താരവും മൊഴികൊടുക്കലും എല്ലാം ശരിയായിട്ടു നടത്തുന്നു. ഈ വിസ്താരം പരസ്യമായിട്ടായിരിക്കും. അതു കേൾക്കുന്നതിനും അതിന്റെ നടപടികളും രേഖകളും പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്കു, കത്തോലിക്കൎക്കു മാത്രമല്ല അകത്തോലിക്കൎക്കും നിരീശ്വരന്മാൎക്കുപോലും, പൂൎണ്ണമായ സൗകൎയ്യവും സ്വാതന്ത്ര്യവുമുണ്ടു. പൂൎണ്ണതരവും ശാസ്ത്രീയവും അനിഷേധ്യവുമായ തെളിവുകൾ ഇല്ലാത്ത അത്ഭുതങ്ങളെല്ലാം ത്യജിക്കപ്പെടുന്നു. യാതൊരുവിധത്തിലും ആക്ഷേപയോഗ്യമല്ലെന്നു വാദപ്രതിവാദത്തിന്റെയും വിസ്താരത്തിന്റെയും ശേഷം തെളിയുന്ന അത്ഭുതങ്ങളെക്കുറിച്ചു മാത്രമാണു കോടതി അനുകൂലമായ വിധി പ്രസ്താവിക്കുന്നതു്. വിസ്താരം കഴിയുമ്പോൾ കച്ചേരിയിലെ നടപടികളുടെ ചുരുക്കം കാണിച്ചു വിധി എഴുതി അതു ഔദ്യോഗികമായി പ്രസ്താവിക്കണമെന്നു മാൎപ്പാപ്പായോടു അപേക്ഷിക്കയാണു പ്രധാനജഡ്ജിയായ കാർഡിനൽ പ്രിഫെക്ട് ചെയ്യുന്നതു്. ഈ വിസ്താരം പലപ്പോഴും അധികം ദീൎഘിക്കാറുണ്ടു്. തിരുസഭക്കു ധൃതഗതിയിൽ തീരുമാനങ്ങൾ ചെയ്തുകൂടാ എന്നുള്ള ഒരു അഭേദ്യനിയമമുള്ളതും പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്.

തെളിവിനായി ഹാജരാക്കുന്ന അത്ഭുതസംഭവങ്ങൾ മരിച്ചു സംസ്കാരവും കഴിഞ്ഞു് ശരീരം അഴുകിത്തുടങ്ങിയ ശേഷം പെട്ടെന്നു ഉയിൎത്തു പൂൎവ്വസ്ഥിതിയെ പ്രാപിച്ചതോ, പിറവിയാലുള്ള കുരുടത്വം ബധിരത ആദിയായ ന്യൂനതകൾ പെട്ടെന്നു നീങ്ങിയതോ, പൂൎണ്ണമായി നഷ്ടീഭവിച്ച ശരീരാവയവങ്ങൾ ഉദാഹരണമായി ഛേദിച്ചു കളഞ്ഞ കൈകാലുകൾ യഥാസ്ഥാനത്തു പുതിയതായി പെട്ടെന്നുണ്ടായതോ, വളരെക്കാലങ്ങളുടെ ശേഷം സംഭവിക്കാനിരിക്കുന്ന സംഭവങ്ങൾ അവയുടെ വിവിധസാഹചൎയ്യങ്ങളോടുകൂടെ മുൻകൂട്ടി അറിയിച്ചതോ, വേറെയിതുപോലെയുള്ളതോ ആയ സംഭവങ്ങളാണ്. തെളിവിനു കൊണ്ടുവരുന്ന അത്ഭുതങ്ങൾ പലപ്പോഴും രോഗശാന്തിയായിരിക്കും. പക്ഷെ, ഏതുതരം രോഗങ്ങളുടെയും ശാന്തി അത്ഭുതമായി സ്വീകരിക്കയില്ല. പെട്ടെന്നുള്ള പ്രേരണ, ഭ്രമം, കൃത്രിമമായ നിദ്രാമയക്കം (Hypnotism) മുതലായ സ്വാഭാവികമാൎഗ്ഗങ്ങൾ മൂലം പെട്ടെന്നു സുഖപ്പെടാവുന്ന രോഗങ്ങളുടെ ശാന്തി ആലോചനാവിഷയമാകയില്ലാ. വെറും സ്വാഭാവികമാൎഗ്ഗങ്ങളും മരുന്നുകളും മൂലം ഒരിക്കലും പെട്ടെന്നു സുഖപ്പെടുകയില്ലെന്നു വൈദ്യശാസ്ത്രം വിധിച്ചിട്ടുള്ള രോഗങ്ങളുടെ ശാന്തിയൊഴിച്ചു മറ്റു രോഗശാന്തികൾ ആലോചനക്കുപോലും എടുക്കപ്പെടുന്നില്ലാ.

അത്ഭുതസംഭവത്തെപ്പറ്റിയുള്ള രേഖകൾ കച്ചേരിയിൽ നിന്നുതന്നെ സമൎത്ഥന്മാരും വിദഗ്ദ്ധന്മാരും സുസമ്മതന്മാരുമായ രണ്ടു വൈദ്യന്മാരെ ഏൽപ്പിക്കും. അവരുടെ ചുമതല നല്ല മനസ്സാക്ഷിയോടെ തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന വൈദ്യസംബന്ധമായ രേഖകൾ പഠിക്കയെന്നുള്ളതാണ്. ദീനം സാക്ഷാൽ ഉള്ളതായിരുന്നോ, രോഗശാന്തി ലഭിച്ചെന്നു പറയുന്ന സമയത്തു അതു മൂൎദ്ധന്യാവസ്ഥയിലായിരുന്നോ, സ്വാഭാവികമായി രോഗശാന്തി സംഭവിക്കാൻ ഒരുവിധത്തിലും കഴിവില്ലായിരുന്നു എന്നു സമ്മതിക്കുമാറു അതു അത്ര പെട്ടെന്നു സംഭവിച്ചതാണോ, എന്നു അവർ പ്രത്യേകം അന്വേഷണങ്ങൾ നടത്തണം.

സുഖപ്പെട്ട രോഗികളെ വീണ്ടും

ശാസ്ത്രീയമായി പരിശോധിക്കുന്നതിനും അവരെ ചികിത്സിച്ച ഡോക്ടറന്മാരുടെ രേഖകൾ പരിശോധിക്കുന്നതിനും ഈ വിദഗ്ദ്ധന്മാക്കു പൂർണ്ണ സൌകര്യം നൽകുന്നതാണു്. രോഗശാന്തി പെട്ടെന്നു സംഭവിച്ചതാണെങ്കിൽ മാത്രമെ അതു അത്ഭുതമായി ഗണിക്കാവൂ എന്നു തിരുസഭക്കു വളരെ നിർബന്ധവുമുണ്ടു്.

വൈദ്യന്മാക്കു അന്വേഷണത്തിൽ പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതിനായി അവർ തങ്ങളെ പ്രസ്തുത ജോലി ഏല്പിച്ചിട്ടുള്ള സംഗതി ആരോടും പറകയില്ലെന്നു സത്യം ചെയ്യണം. അവരുടെ പേരു കച്ചേരിയിൽനിന്നും രഹസ്യമായി വച്ചുകൊള്ളും. മാത്രമല്ല അവക്കു പരസ്പരം അറിയാൻപോലും നിവൃത്തിയുണ്ടായിരിക്കയില്ലാ.

ഒരു രോഗശാന്തി സ്വാഭാവികമായി സംഭവിച്ചിരിക്കാം എന്നു രണ്ടുവൈദ്യന്മാരും അഭിപ്രായപ്പെട്ടാൽ അതു അത്ഭുതമായി കണക്കാക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു തള്ളിക്കളയുന്നു. ഒരാൾ അനുകൂലിക്കയും മറെറയാൾ പ്രതികൂലിക്കയും ചെയ്താൽ മൂന്നാമതൊരാളുടെ അഭിപ്രായം അറിഞ്ഞശേഷം അത്ഭുതം സ്വീകരിക്കയോ തിരസ്കരിക്കയോ ചെയ്യുന്നു. ഇങ്ങനെ സ്വീകരിച്ച അത്ഭുതത്തെക്കുറിച്ചുപോലും വീണ്ടും അന്വേഷണം നടത്തണമെന്നു ആവശ്യപ്പെടാൻ പിശാചിന്റെ വക്കീൽ (Advocatus diaboli) എന്നു സാമാന്യം പേരുള്ള വിശ്വാസപ്രചാരക (Promotor of faith) നു അവകാശമുണ്ടു്. കൂടാതെയും ഓരോ കാർഡിനലിനും പുതിയ അന്വേഷണങ്ങൾ നടത്താൻ ആവശ്യപ്പെടാവുന്നതാണു്. അത്ഭുതങ്ങൾസംബന്ധിച്ചുനടക്കുന്ന വാദപ്രതിവാദങ്ങൾ വായിക്കുന്നതായാൽ വാദിഭാഗം വക്കീലന്മാരുടെയും വിശ്വാസപ്രചാരകന്റെയും വൈദ്യവിഷയത്തിലുള്ള പാണ്ഡിത്യം എത്ര വിപുലമാണെന്നു കണ്ടു് ആരും അത്ഭുതപ്പെട്ടുപോകും. വിദഗ്ദ്ധന്മാരുടെ അഭിപ്രായം സ്വീകരിക്കുന്നതിൽ തന്നെ തിരുസഭ വളരെ വിവേകം പ്രദർശിപ്പിക്കുന്നുണ്ടു്. പൊതുസമ്മതിയുള്ള ഒരു വിദഗ്ദ്ധന്റെ അഭിപ്രായം ലൌകികകച്ചേരികൾ പ്രമാണമായി സ്വീകരിക്കാറുണ്ടല്ലോ. എന്നാൽ തിരുസഭ രണ്ടു വിദഗ്ദ്ധന്മാരുടെയും ചിലപ്പോൾ അതിലും അധികംപേരുടെയും അഭിപ്രായം ആവശ്യപ്പെടുന്നു. ഒരിക്കൽ ഒരു അത്ഭുതം സംബന്ധിച്ചു് ഏഴു പ്രത്യേക വൈദ്യന്മാരുടെ അഭിപ്രായം കേട്ടതിന്റെശേഷമേ കാർഡിനൽമാർ തൃപ്തരായുള്ളു എന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്.

ലൂർദിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതകരമായ രോഗശാന്തികളും ഇപ്രകാരം ശാസ്ത്രീയമായി പരിശോധിക്കപ്പെടുന്നുണ്ടു്. സ്വാഭാവികമാർഗ്ഗങ്ങൾനിമിത്തം പെട്ടെന്നു സുഖമാകുവാൻ കഴിവുള്ള ഞരമ്പുസംബന്ധമായ രോഗങ്ങളുടെ ശാന്തി അവിടെയും അത്ഭുതങ്ങളുടെക്കൂട്ടത്തിൽ എണ്ണപ്പെടുന്നില്ല. രോഗികൾ ലൂർദ്ദിൽ എത്തുമ്പോഴും വീണ്ടും രോഗശാന്തിക്കുശേഷവും അവരുടെ രോഗസ്ഥിതി പരിശോധിച്ചു രേഖപ്പെടുത്തുന്നതിനു വിദഗ്ദ്ധന്മാരായ ഡോക്ടറന്മാരുടെ ഒരു സംഘവും ലൂർദ്ദിലുണ്ടു്. ഉന്നതങ്ങളായ സർവ്വകലാശാലാബിരുദങ്ങൾ വൈദ്യവിഷയത്തിൽ സമ്പാദിച്ചിട്ടുള്ള ഏതു ഡോക്ടർക്കും ഈ സംഘത്തിന്റെ അംഗമായിരിക്കാവുന്നതാണു്. ഏതു മതത്തിലോ ജാതിയിലോ ഉൾപ്പെട്ടവനായാലും ഒരു പ്രതിബന്ധവുമില്ല. സ്വാഭാവികമാർഗ്ഗങ്ങൾമൂലം സുഖപ്പെടുകയില്ല എന്നു് അവർ സാക്ഷ്യം നൽകിയ രോഗങ്ങൾ പെട്ടെന്നു സുഖപ്പെട്ടുമ്പോൾ സുഖം പ്രാപിച്ചവർ വീണ്ടും ഈ സംഘത്തിന്റെ മുമ്പാകെ ഹാജരാകുന്നു. പരിശോധനക്കുശേഷം രോഗം പെട്ടെന്നു പൂർണ്ണമായി സ്വാഭാവികശക്തിയെ കവിഞ്ഞു സുഖം പ്രാപിച്ചുവെന്നു വിദഗ്ദ്ധന്മാർ അപ്പോൾ ശാസ്ത്രീയമായി രേഖപ്പെടുത്തുന്ന രോഗശാന്തികൾ മാത്രമേ അത്ഭുതങ്ങളായി സ്വീകരിക്കാറുള്ളു.

ഇത്ര ശാസ്ത്രീയമായി അത്ഭുതങ്ങളുടെ യഥാർത്ഥതയെക്കുറിച്ചു് കത്തോലിക്കസഭ പര്യന്വേഷണം ചെയ്യുന്ന വസ്തുത പലരും അറിഞ്ഞിരിക്കാനിടയില്ല. ക

ത്തോലിക്കരെ അന്ധവിശ്വാസികളെ ന്നു വിളിക്കുന്നവർ ഈ പരമാർത്ഥം ഗ്ര ഹിച്ചാൽ തീർച്ചയായും തങ്ങളുടെ അ ഭിപ്രായം മാററാതിരിക്കയില്ല.

# അകത്തോലിക്കർ ഗാഢമായി ചിന്തിക്കേണ്ട
# ചില സംഗതികൾ.

(ശ്രീമാൻ ജോൺ എം. പള്ളിക്കുന്നേൽ.)

1. യേശുക്രിസ്തു ഒരു സഭ മാത്രം സ്ഥാപിക്കുകയും അതു് ലോകാവസാന ത്തോളം നിലനിൽക്കുമെന്നു് പറയുക യും ചെയ്തിട്ടുണ്ടു്. ആയതുകൊണ്ടു് ന മ്മുടെ കർത്താവിൻെറ കാലംമുതൽ ആ രംഭിക്കാത്തതോ അന്നുമുതലോ അതിൽ പിന്നീടൊ നിന്നുപോയതൊ ആയ സ ഭകൾ വാസ്തവമായവയല്ല. ക്രിസ്തുവി ൻെറ കാലംമുതൽ ഇന്നുവരെ നിലനി ൽക്കുന്ന സഭ കത്തോലിക്ക സഭയൊന്നു മാത്രമേയുള്ളു. ആയതുകൊണ്ടു് അവൾ ക്കു മാത്രമേ യേശുക്രിസ്തുവിൻെറ സഭ യെന്നുള്ള അഭിധാനത്താൽ അറിയപ്പെ ടുന്നതിനുള്ള യോഗ്യതയുള്ളു.

2. മിശിഹായുടെ വാഗ്ദാനങ്ങൾ ക്കു് അവകാശമുള്ള സത്യസഭയേതെന്നു് നിർണ്ണയിക്കുന്നതിനുവേണ്ടി ലോകത്തിലു ള്ള ക്രിസ്ത്യവർഗ്ഗക്കാരെല്ലാവരേയും ഒരു ക്രിസ്ത്യേതരനായ ന്യായാധിപതിയുടെ മുമ്പിൽ കൊണ്ടുവന്നുയെന്നു വിചാരി ക്കുക. അദ്ദേഹം ഓരോരുത്തരോടും 'യേ ശുക്രിസ്തു സത്യദൈവത്തിൻെറ പുത്ര നാണെന്നു് നീ വാസ്തവത്തിൽ വിശ്വ സിക്കുന്നോ? അദ്ദേഹം അപ്രമാദമാ യ സത്യങ്ങളെ പഠിപ്പിച്ചുവെന്നു വി ശ്വസിക്കുന്നോ' എന്നു ചോദിച്ചാൽ 'ഞ ങ്ങൾ സത്യമായി വിശ്വസിക്കുന്നു' എ ന്നു എല്ലാവരും ഉത്തരം പറയും.

ന്യായാധിപതിവീണ്ടും—എൻെറ സഭ ഒരിക്കലുംനശിക്കയോ നരകവാതലുകൾ അതിനെതിരായി പ്രബലപ്പെടുകയോ ചെയ്കയില്ലെന്നു് യേശുക്രിസ്തു പറഞ്ഞ തായി നിങ്ങൾ വിശ്വസിക്കുന്നോ?

ഉത്തരം— ഞങ്ങൾ അപ്രകാരം വി ശ്വസിക്കുന്നു.

ന്യായാധിപതി— എന്നാണു് താൻ ആ വാഗ്ദത്തം ചെയ്തതു്? എന്നാണു് അ ദ്ദേഹം തൻെറ സഭയേ സ്ഥാപിക്കുക യും അതു് പ്രസംഗിക്കുന്നതിനായി ത ൻെറ ശിഷ്യന്മാരെ അയക്കുകയും ചെ യ്തതു്.

ഉത്തരം— ഏകദേശം രണ്ടായിരം വത്സരങ്ങൾക്കു് മുമ്പ്.

ന്യായാധിപതി— അല്ലയോ പ്രോ ട്ടസ്റ്റൻറുകാരേ! നിങ്ങൾ ഉണ്ടായിട്ടു എ ത്രകാലമായി.

ഉത്തരം— എന്തു്? ഞങ്ങൾ മിശി ഹായുടെ കാലംമുതൽ ഉള്ളവരാണു. ത ന്നിമിത്തം ഞങ്ങൾ ഉണ്ടായിട്ടു 2000 കൊല്ലങ്ങളോളമായിരിക്കുന്നു. എന്നാൽ ഞങ്ങളുടെ ഇപ്പോഴത്തെ നിലയിൽ ഞങ്ങളുണ്ടായിട്ടു 300—ൽപരം കൊല്ല ങ്ങളേ ആയിട്ടുള്ളു. ആദിമസഭ ഇടക്കാ ലത്തു ദുഷിച്ചുപോയതിനാൽ ആ ദുഷി പ്പുകളെ നീക്കി നവീകരിച്ച പൂർവ്വസ്ഥി തിയിൽ ആക്കിയതാണു ഞങ്ങളുടെ സഭ.

ന്യായാധിപതി— അങ്ങിനെയെ ങ്കിൽ നാനൂറുകൊല്ലങ്ങൾക്കുമുമ്പു ക്രിസ്തു മതം സ്വീകരിക്കുന്നതിന്നു ആരോടു അ പേക്ഷിക്കേണ്ടിയിരുന്നു?

ഉത്തരം— അന്നത്തെ ദുഷിച്ച സ ഭക്കാരായിരുന്ന കത്തോലിക്കരോടും പ്രോ ട്ടസ്റ്റൻറുകാർ അന്നുണ്ടായിരുന്നില്ല.

ന്യായാധിപതി— അല്ലയോ ക ത്തോലിക്കരേ! നിങ്ങളുണ്ടായിട്ടു എത്ര കാലമായി! നിങ്ങളുടെ ഉത്ഭവമെവിടെ യാണു?

ഉത്തരം— ഞങ്ങളുണ്ടായിട്ടു 2000 കൊല്ലങ്ങളോളമായി. ഞങ്ങളുടെ ഉത്ഭ വം ഓർശ്ലേമിലാണു്.

ന്യായാധിപതി— കൊള്ളാം നിങ്ങളുടെ പുരാതനത്വവും അവകാശവും എങ്ങിനെ തെളിയിക്കും.

ഉത്തരം— ലോകചരിത്രവും എല്ലാ വംശക്കാരുടെയും രാജ്യക്കാരുടെയും ജാതികളുടെയും സാക്ഷ്യപത്രങ്ങൾ വേണ്ടുവോളം മതിയായിരിക്കുന്നു. രണ്ടായിരം കൊല്ലത്തോളം അവളതിനേ തെളിവിച്ചിട്ടുണ്ട്.- കൂടാതെ വി. പത്രോസിൻെറ അനന്തരഗാമികളുടെ അഭേദ്യമായ വംശശൃംഖല വിശുദ്ധ പത്രോസുമുതൽ എന്നല്ല സത്യനാഥനായ ക്രീസ്തു മുതൽ ഇപ്പോൾ ഭാഗ്യമായി വാഴുന്ന പതിനൊന്നാം പീയൂസ് പാപ്പാവരെ ഇടമുറിയാതെ നീണ്ടു കിടക്കുന്നു. ക്രിസ്തുവിൻെറ കാലംമുതൽ ഏതൽക്കാലപര്യന്തം അങ്ങേ വാഗ്ദാനാനുസരണം ഞങ്ങളുടെ സഭയോടു നരകവാതലുകൾ ശക്തിപ്പെട്ടിട്ടില്ലാ.

ന്യായാധിപതി— അല്ലയോ പ്രോട്ടസ്റ്റൻറുകാരേ! നിങ്ങളുടെ സഭ ഇപ്പോൾ എത്രതന്നെ നല്ലതായിരുന്നാലും നിങ്ങൾ ദൈവമെന്നു സമ്മതിക്കുന്ന ക്രിസ്തുവിൻെറ വാഗ്ദാനത്തിനു വിരോധമായി അദ്ദേഹത്താൽ സ്ഥാപിതമായസഭ ഇടക്കാലത്തു ദൂഷിച്ചുപോയെന്നു നിങ്ങൾ പറയുന്നുവെല്ലോ. ഇതു ക്രീസ്തുവിൻെറ ദൈവത്വത്തെ നിഷേധിച്ചു അദ്ദേഹത്തെ അപമാനിക്കുന്നതുപോലെയല്ലയോ?

ഇനി ന്യായാധിപതിയുടെ വിധിയെപ്പററി സംശയിക്കേണ്ടതുണ്ടോ?

യേശുക്രിസ്തു ഇരുപതു ശതകങ്ങൾക്കുമുൻപു ഏകസഭയേമാത്രം സ്ഥാപിക്കുകയും കത്തോലിക്കാ സഭയൊഴികെ മററുയാതൊരു സഭക്കും രണ്ടായിരം വത്സരത്തോളമുള്ള പുരാതനത്വം തെളിയിക്കുന്നതിനു അസാദ്ധ്യമായി വരികയും ചെയ്യാൽ കത്തോലിക്കസഭ, അതേ, ക്രിസ്തുവിൻെറ വാഗ്ദാനവും സഹായവും മൂലം തനിക്കു പ്രമാദമൊന്നുമുണ്ടായിട്ടില്ലെന്നു സകാരണം വാദിക്കുന്ന കത്തോലിക്കാ സഭ- ഒന്നുമാത്രമാണു ക്രീസ്തുവിൻെറ സത്യസഭയെന്നു അയാൾ നിശ്ചയമായും വിധിക്കും

൩. ഒരിക്കൽ ഒരു പ്രോട്ടസ്റ്റൻറുകാരനും ഒരു കത്തോലിക്കനും കൂടി തങ്ങളിൽ ആരാണ് സത്യസഭാംഗമെന്നു ഒരു യഹൂദനോടു ചോദിച്ചതിൽ അയാൾ താഴെപറയുന്നവിധത്തിലുള്ള ഒരു രസകരമായ മറുപടി പറയുകയുണ്ടായി. "ക്രിസ്തു, മിശിഹാ അല്ലെങ്കിൽ യഹൂദരായ ഞങ്ങളാണ് സത്യസഭയുടെ അംഗങ്ങൾ, ക്രിസ്തു, മിശിഹായാണെങ്കിൽ കത്തോലിക്കരാണ് സത്യസഭാംഗങ്ങൾ. പ്രോട്ടസ്റ്റൻറുകാരായ നിങ്ങൾ ഒരിക്കലും ദൈവത്തിൻെറ സത്യസഭയുടെ അംഗങ്ങളല്ല. നിങ്ങൾ എത്രയോ താമസിച്ചുണ്ടായവരാണ്."

൪. സഭയുടെ ശൈശവം മുതൽഇന്നുവരേ ഉണ്ടായിട്ടുള്ള വിശുദ്ധന്മാരെല്ലാവരും കത്തോലിക്കരാണ്.

൫. കത്തോലിക്കസഭയിൽ അൽഭുതങ്ങൾ സാധാരണ സംഭവിക്കുന്നുണ്ട്. അതിൻെറ ദൈവീകമായയുൽഭവത്തിന് ഇവ എത്രയോ നല്ലതെളിവായിരിക്കുന്നു. അനേകവത്സരങ്ങളായിട്ടും അജീർണ്ണമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന വിശുദ്ധന്മാരുടെ ശരീരങ്ങൾ, ഉദാ:— ഗോവയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ശൗരിയാരുപുണ്യവാൻെറ തിരുശ്ശരീരം, ലൂർദ്ദ്, ലിമ്പിയാസ് ആദിയായ പുണ്യസ്ഥലങ്ങൾ ഇവ മതിയായ ലക്ഷ്യങ്ങളല്ലെയൊ? പ്രോട്ടസ്റ്റൻറു മതസ്ഥാപകരോ അവരുടെ അനുഗാമികളോ ആരെങ്കിലും ഇതേവരെ യഥാർത്ഥമായ യാതൊരത്ഭുത കൃത്യവും ചെയ്തതായി അറിയപ്പെട്ടിട്ടില്ല.

൬. യാതൊരു കത്തോലിക്കനെങ്കിലും ഭക്തിസംവർദ്ധകമായ ഒരു ജീവിതം കഴിക്കുന്നതിനോ, നിത്യരക്ഷയേ ഉദ്ദേശിച്ചോ, പ്രോട്ടസ്റ്റൻറു മതത്തിൽ ചേൎന്നിട്ടില്ല. നേരേമറിച്ച് അനേകം പ്രോട്ടസ്റ്റൻറുകാർ തങ്ങളുടെ ആത്മീയരക്ഷണത്തിനുവേണ്ടി കത്തോലിക്കസഭയിൽ ചേൎന്നിട്ടുണ്ടെന്നു മാത്രമല്ല ഇന്നും അനേകർ പ്രതിദിനം സത്യസഭയിലേക്കു വന്നുകൊണ്ടിരിക്കുന്നു.

൭. പ്രോട്ടസ്റ്റൻറു സഭയുടെ നേതാക്കളിൽ ഒരുവനായ മെലാങ്ക്ററൻ (Melancton) ജീവിക്കുന്നതിനു് നല്ലതു് പ്രോട്ടസ്റ്റൻറു സഭയും മരിക്കുന്നതി

"ഗുഡ്ഡേ", "ഗുഡ്ഈവിനിങ്ങ്" എന്നീ വിദേശപദങ്ങളാണപോലും. മിണ്ടിയാലും മിണ്ടിയില്ലെങ്കിലും ഇരുകൂട്ടരും അൎത്ഥമാക്കുന്നതു് എന്താണ്? മേൽവീട്ടുകാരെ കാണുമ്പോൾ കണിയാൻ 'നല്ലകാലംവരട്ടെ' എന്നുപറയുന്നതിൽനിന്നു കൂടുതലായി ഒന്നും അൎത്ഥമാക്കുവാൻ നിവൃത്തിയില്ല. 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ,' എന്നു പറയുന്നതും, 'നല്ലകാലംവരട്ടെ,' എന്നു പറയുന്നതും തമ്മിൽ അൎത്ഥഗാംഭീൎയ്യം കൊണ്ടു ഏതിനാണ് ശ്രേഷ്ഠത കല്പിക്കേണ്ടതു്, ഏതിനാണ് പ്രാധാന്യം നൽകേണ്ടതു് എന്നു വായനക്കാർ വിധിക്കട്ടെ. പുരോഹിതർ മിശിഹായുടെ പ്രതിനിധികളാകയാൽ അവരെ അഭിവാദ്യം ചെയ്യുന്നതിനു് ഇവയിൽ ഏററം പററിയതു ഏതെന്നു ഓരോരുത്തരും ചിന്തിക്കട്ടെ. എന്നാൽ വിദേശ്യപട്ടക്കാരോടു ഇടഞ്ഞിട്ടുള്ളവർ 'ഗുഡ്മോർണിങ്ങും' മററുമാണ് അവരുടെ ഇടയിൽ നടപ്പിലിരിക്കുന്നതെന്നു പറഞ്ഞേക്കാം. അതു അവരുടെ ദേശ്യാചാരക്രമമനുസരിച്ചു ചെയ്യുന്നുവെന്നേയുള്ളു. അവൎക്കു അതാണു ഇഷ്ടമെങ്കിൽ അവരോടു ഇടയുമ്പോൾ അങ്ങനെ ചെയ്തുകൊൾക, വിരോധമില്ല. എന്നാൽ അവരിൽ ചിലർ 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്നുതന്നെ പറയണമെന്നു കുട്ടികളെ നിർബന്ധിക്കുന്നതിന്റെ രഹസ്യം എന്താണെന്നും ആരും മറന്നുകളയാതിരിക്കട്ടെ. ഇനി നമ്മുടെ ആളുകളോടു ഇടയുമ്പോൾ എന്തിനു വിദേശ്യപ്രയോഗം കടം വാങ്ങുന്നു. നമുക്കു സ്വദേശ്യമായിട്ടു ഒന്നില്ലേ, അതിനെ തന്നെ പുലർത്തിക്കൂടെ? 'നല്ലകാലം വരട്ടെ' എന്നു പറയുന്നതായാൽ ഒരു പരിഷ്കാരമായിരിക്കുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടോ? ശ്രേഷ്ഠമായ ഒന്നിനെ കരിച്ചുപുകപിടിപ്പിച്ചു അധമമാക്കുന്നതു് സാക്ഷാൽ പരിഷ്കാരമാണോ? അപ്പോൾ 'ഗുഡ്മോർണിങ്ങിനും' മററും സലാം പറഞ്ഞു കപ്പൽ കയററരുതോ.

കുടുംബാംഗങ്ങൾ പ്രാൎത്ഥനാനന്തരം മൂത്തവൎക്കു സ്തുതിചൊല്ലുക എന്നതും ചുരുങ്ങി തുടങ്ങിയിരിക്കുന്നു. ഒന്നുകിൽ കുറച്ചു പ്രായമായി, അല്ലെങ്കിൽ കുറെയൊക്കെ വിദ്യാഭ്യാസം ഉണ്ടായി എന്നീ കാരണത്താൽ വീട്ടിലെ കാരണവന്മാരോടുള്ള ഈവിധ ബഹുമാനസൂചനകളെ ആക്ഷേപാർഹമെന്നു ചിലർ കരുതുന്നതായി തോന്നുന്നു. 'സ്തുതി' ചൊല്ലുന്നതുകൊണ്ടു ഈശോമ്ശിഹായ്ക്കുള്ളസ്തുതിയെ വൎദ്ധിപ്പിക്കുന്നതിനും പുറമെ കുടുംബതലവന്റെ അധികാരശക്തിയെ പരസ്യപ്രഖ്യാപനംവഴിയായി ശക്തിപ്പെടുത്തുകയും കുടുംബാംഗങ്ങൾ തമ്മിലുള്ള മേലുകീഴും ഐക്യതയും ദൃഢമാക്കുകയുമല്ലെയോ ചെയ്യുന്നതു്? ഇതു കുടുംബത്തിന്റെ ശാശ്വതമായ നിലനില്പിനു് വളരെ സഹായിക്കയില്ലയോ? ആകയാൽ മാതാപിതാക്കൾ, പ്രാൎത്ഥനാനന്തരം മക്കൾ തലകുനിച്ചു കരങ്ങൾ താഴ്ത്തി തങ്ങളോടുള്ള അവരുടെ വിധേയത്വം എളിമയോടെ അനുസരിച്ചു പറഞ്ഞു, അതുവഴിയായി ഈശോയുടെ സ്തുതി വൎദ്ധിപ്പിക്കുന്നതിനു പ്രസ്തുത സ്വസ്തിപദങ്ങളെ പ്രയോഗിപ്പിക്കുന്നതിൽ തീവ്രം ഉൽസുകരാകട്ടെ.

ഈ സ്വസ്തിപദങ്ങളെ കേൾക്കുന്ന ആൾ പ്രത്യുത്തരമായി 'ആമ്മേൻ' അഥവാ 'എന്നന്നേക്കും' എന്നു ചൊല്ലണം. 'ഈശോമ്ശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്ന സുകൃതജപത്തിനു് ൫൦ ദിവസത്തെ ദണ്ഡവിമോചനവും തിരുസഭ കല്പിച്ചു നൽകിയിട്ടുണ്ടു്.

ഈശോമ്ശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. ആമ്മേൻ.

# അകത്തോലിക്ക വാദങ്ങൾക്ക കത്തോലിക്ക പ്രത്യുത്തരം.

(ഫാദർ പ്ളാസിഡ്, സി. ഡി., പിഎച്ച്. ഡി., ഡി. ഡി., ഡി. സി.എൽ.)

ചോദ്യം 3– ഭൂമുഖത്ത് ഇപ്പോൾ പല സഭകൾ കാണുന്നുണ്ട്. അവയ്ക്കോരോന്നിനും സ്വന്തമായ ഉപദേശവുമുണ്ട്. സത്യസഭ നശിച്ചിരിക്കുന്നു എന്നല്ലയോ ഇതിൽനിന്ന് അനുമാനിക്കേണ്ടത്?

ഉത്തരം- വിഭിന്നോപദേശങ്ങൾ നൽകുന്ന പല സഭകൾ ഇന്നു ഭൂമുഖത്തുണ്ട്. എന്നാൽ അവയുടെ വദ്ധനവിൽനിന്നു സത്യസഭ നശിച്ചിരിക്കുന്നു എന്നു അനുമാനിച്ചുകൂടാ. ശ്ലീഹന്മാരുടെ കാലത്തുതന്നെ ഭിന്നതകളുണ്ടായിരുന്നു. ഭിന്നതകൾ ഉണ്ടാകുമെന്നു ശ്ലീഹന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുമുണ്ട്.

വി. പൌലോസ് അപ്പേസ്സൂസിലെ വൈദികഗണത്തോടു അരുൾചെയ്ത വാക്യങ്ങൾ കേട്ടാലും, "നിങ്ങളെപ്പററിയും നിങ്ങളുടെ ആട്ടിൻകൂട്ടത്തെപ്പററിയും ശ്രദ്ധയുള്ളവരാകണം. എന്റെ വേർപാടിനുശേഷം ആട്ടിൻകൂട്ടത്തോടു ദയയില്ലാത്ത ക്രൂരചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ പ്രവേശിക്കുമെന്നു എനിക്കറിയാം. അബദ്ധോപദേശം ചെയ്തു തങ്ങൾക്കു ശിഷ്യരെ കൂട്ടുന്ന ആളുകൾ നിങ്ങളിൽനിന്നു തന്നെ വെളിയിൽ കാണപ്പെടും. ആകയാൽ സൂക്ഷിച്ചുകൊള്ളണം. മൂന്നു കൊല്ലത്തേക്ക് നിങ്ങളെ ഓരോരുത്തരേയും രാപകൽ ഉപദേശിക്കുന്നതിൽ ഞാൻ ഉപേക്ഷവരുത്തിയില്ലെന്നു നിങ്ങൾ ഓർക്കണം". (നടപടി XX. 28-31.)

വി. പൌലോസു തന്നെ കൊറീന്ത്യക്ക് എഴുതിയതു് ഇപ്രകാരമാണ്: "എല്ലാവരും ഒന്നു തന്നെ സംസാരിക്കണമെന്നും നിങ്ങളിൽ ശീസ്മ ഉണ്ടാകരുതെന്നും, ഒരേ അഭിപ്രായത്തിലും ഒരേ തീർമാനത്തിലും നിങ്ങൾ പരിപൂർണ്ണരാകണമെന്നും, സഹോദരന്മാരെ നമ്മുടെ കർത്താവീശോ മിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു ..... നിങ്ങളിൽ ഓരോരുത്തരും ഇങ്ങനെ പറയുന്നു. ഞാൻ പൌലോസിന്റെയാണ്. ഞാൻ അപ്പോളോയുടെയായാണ്. ഞാൻ മ്ശിഹായുടെയാണ്. ഞാൻ കേപ്പായുടെയാണ് "മിശിഹാ വിഭജിക്കപ്പെട്ടുപോയൊ?"

(ഫ. കൊറീം. I. 10-13.)

തന്റെ സമകാലീനന്മാരായിരുന്ന പാഷണ്ഡരെക്കുറിച്ച് വി. യോഹന്നാൻ ശ്ലീഹാ ഇങ്ങനെ പറയുന്നു. "നിങ്ങളിൽനിന്നു അവർ പുറപ്പെട്ടു. എന്നാൽ ഞങ്ങളിൽപെട്ടവരല്ല. എന്തെന്നാൽ ഞങ്ങളിൽപെട്ടവരായിരുന്നെങ്കിൽ ഞങ്ങളുടെകൂടെ നിൽക്കുമായിരുന്നു......"

(ഫ. വി. യോഹ. II. 19.)

"പാഷാണ്ഡനായ ആളെ ആദ്യത്തേയും രണ്ടാമത്തേയും തിരുത്തലിന്റെ ശേഷം വിട്ടുമാറണം" എന്ന് വി. പൌലോസ് തെത്തോസിനു എഴുതി. (Tit. III. 10.) "പള്ളിയെ കേൾക്കാത്തവൻ കാവ്യനേയും ചുങ്കക്കാരനേയും പോലെ നിനക്കാകണം." എന്നു ദിവ്യരക്ഷകൻ അരുൾചെയ്ത വാക്യവും വിഭിന്നോപദേഷ്ടാക്കളുണ്ടാകുമെന്നു നമ്മെ പഠിപ്പിക്കുന്നു. ഓരോ കാലത്തുണ്ടാകുന്ന വിഭിന്നോപദേശങ്ങൾ സത്യസഭയാൽ ശപിക്കപ്പെട്ടവയും വിഭിന്നോപദേശകർത്താക്കളും തദനുയായികളും, വി. യൂദാശ്ലീഹാ പറയുന്നതുപോലെ, "കായേന്റെ വഴിയെ പുറപ്പെട്ടവരും ബാലാമിന്റെ തെററിനെ അനുഗമിച്ചവരും.... ആകുന്നു. "അവർ കാററടിച്ചു പറപ്പിക്കുന്ന വെള്ളമില്ലാത്ത മേഘങ്ങളാകുന്നു" (വി. യൂദാ. I. 11 12.)

ഇങ്ങനെയുള്ളവരുടെ സംഖ്യ വദ്ധിക്കുന്നതിൽ വിസ്മയമില്ല. എന്തെന്നാൽ "ഇടർച്ചയുണ്ടാകുവാൻ ആവശ്യം" "എന്നാൽ ആരിൽനിന്നു ഇടർച്ച ഉണ്ടാ

ന്ന് നല്ലതു് കത്തോലിക്കസഭയുമാണെന്നപറഞ്ഞിരിക്കുന്നു.

൮. സത്യസഭയുടെ ലക്ഷണങ്ങളുള്ളതായി കത്തോലിക്കസഭയൊന്നുമാത്രമേയുള്ളു. അവൾക്ക് ഏകത്വവും, പരിശുദ്ധതയും, സാധാരണത്വവും, അപ്പസ്തോലികത്വവുമുണ്ട്. എന്നാൽ ഇതരസഭകൾ ഓരോന്നും അനേകശാഖോപശാഖകളായി പിരിഞ്ഞിട്ടുള്ളവയും പരിശുദ്ധതയോ, സാധാരണത്വമോ, അപ്പസ്തോലികത്വമോ ഇല്ലാത്തവയുമാകുന്നു.

൯. പ്രോട്ടസ്റ്റന്റുകാർ, അവരുടെ ചെറുപ്പംമുതൽ കത്തോലിക്കസഭക്കു വിരോധമായ സംഗതികൾ പഠിപ്പിക്കപ്പെട്ടുന്നതിനാൽ ആയതു് അനുകരിക്കാൻ തീരെ നിവൃത്തിയില്ലാത്തതും മിഥ്യാബോധസമ്പൂർണ്ണവും വിഗ്രഹാരാധനാസ്ഥിതവുമെന്നുവേണ്ട, ഉച്ചരിക്കാൻപോലും ഭയങ്കരങ്ങളായ അനേകം വാക്കുകൾക്ക് ഹേതുഭൂതവുമായ ഒരു മതമായി കരുതിപ്പോരുന്നു. എന്നാൽ അവർ ഒരു കത്തോലിക്കവേദോപദേശപുസ്തകം വായിക്കുന്നുയെങ്കിൽ തീർച്ചയായും അവർ ധരിപ്പിക്കപ്പെട്ടിട്ടുള്ള വിധത്തിലല്ല കത്തോലിക്കമതമെന്ന് അവൎക്ക് ബോദ്ധ്യമാകും.

൧൦. നമ്മുടെ എല്ലാ ശ്രമങ്ങളിലും പ്രത്യേകമായി ഗൌരവതരങ്ങളായ സംഗതികൾ അപകടത്തിലിരിക്കുമ്പോൾ നാം രക്ഷയ്ക്കാഗ്രഹിക്കുന്നു. കേവലം ക്ഷണഭംഗുരങ്ങളായ സംഗതികളെപ്പററിയല്ലാതെ നമ്മുടെ നിത്യജീവ പ്രാപ്തിയേ സംബന്ധിച്ച് ഗൌരവതരമായി ഗൌനിക്കുമ്പോൾ അതിലെത്തുന്നതിനു് ഏററവും എളുപ്പവും സുസ്ഥിരവുമായ വഴി കണ്ടുപിടിക്കുന്നതിനു് നാം നിസ്സീമമായ വിധത്തിൽ കടപ്പെട്ടിരിക്കുന്നു എന്നു് മനസ്സിലാക്കണം. ഇതിൽ പ്രാധാന്യമേറിയ ഒരു കാര്യം നമുക്ക് ആലോചിപ്പാനില്ല:- "ഞാൻ നിത്യരക്ഷയുടെ വഴിയിലാണോ അല്ലയോ? ഞാൻ സത്യമായ മതത്തിലാണോ? ഇതിനു് തക്ക സമാധാനം എന്നിൽ ഉണ്ടോ? ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി ഞാൻ കാണുന്നുണ്ടോ? ഗൌരവതരങ്ങളായ ഈ ചോദ്യങ്ങൾക്ക് മറുപടി തരുന്നതിനും എന്റെ സംശയ നിവാരണം വരുത്തി തെററു വരാൻപാടില്ലാത്ത ഉറപ്പും സമാധാനവും പറഞ്ഞുതന്നു് എന്നെ ധൈര്യപ്പെടുത്തുന്നതിനും അധികാരമുള്ളവർ ലോകത്തിൽ വല്ലവരുമുണ്ടോ?" എന്നീ ചോദ്യങ്ങൾക്കു കത്തോലിക്കസഭ മാത്രം ക്രിസ്തുവിന്റെ വചനങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "ഉണ്ട്"എന്നുത്തരം പറയുന്നു. "നിങ്ങളേ കേൾക്കുന്നവൻ എന്നെകേൾക്കുന്നു" (ലൂക്കാ ൧൦ ൧൬) ലോകാവസാനത്തോളം ആയതു് (തിരുസ്സഭ) സ്ഥിരതയിലും അപ്രമാദിത്വത്തിലും നിലനിൽക്കുന്നതിനു പരിശുദ്ധാത്മാവിയെ അയക്കുമെന്നും താൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. തന്റെ സഭയുടെ രക്ഷയിൽ വിശ്വസിച്ചുകൊണ്ടു് ജീവിക്കുന്ന തീരെ നിസ്സാരനും വിദ്യാവിഹീനനുമായ ഒരു കത്തോലിക്കനുപോലും ഏററവും ജ്ഞാനിയായ തന്റെ സഹോദരനേപ്പോലെ വിശ്വാസത്തിലുള്ള സ്ഥിരതയും രക്ഷപ്രാപിക്കുമെന്നുള്ള ധൈര്യവുമുണ്ടു്. പ്രോട്ടസ്റ്റന്റുകാരിൽ ഓരോരുത്തനും വേദപുസ്തകപാരായണം ചെയ്തു്, സ്വകീയവ്യാഖ്യാനാനുസരണം നടക്കണമെന്നുള്ളതിനാൽ ഈ സമാധാനം അവൎക്കു കിട്ടുകയില്ല. ഇവിടെയാണു് ഒരു കത്തോലിക്കന്റെ സമാധാനകരമായ ഉറപ്പും ഒരു പ്രോട്ടസ്റ്റന്റിന്റെ വ്യസനകരമായ അസ്ഥിരതയും സ്ഥിതിചെയ്യുന്നതു്. കത്തോലിക്കർ യേശുക്രിസ്തുവിന്റെ വാഗ്ദത്തപ്രകാരമുള്ള സഭയുടെ അപ്രമാദിത്വത്തിൽ ശരണപ്പെടുന്ന ഒരു പ്രോട്ടസ്റ്റന്റുകാരനു് തന്റെ സ്വാഭിപ്രായമല്ലാതെ വേറൊന്നും ആധാരപ്പെടുവാനില്ലാത്തതുകൊണ്ടു് "അവൻ സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു് അജ്ഞാനിയേയും ചുങ്കക്കാരനെയുംപോലെ ആയിരിക്കട്ടെ" (മത്തായി 18. 17.) എന്നുള്ള കർത്താവിന്റെ ഭയങ്കരവാക്യത്തിൽനിന്നു് ഒഴിഞ്ഞിരിപ്പാൻ നിവൃത്തിയില്ല.

ഒരു അകത്തോലിക്കനായിരിക്കുന്നവൻ മേൽ പ്രസ്താവിച്ചവയേപ്പററി ആലോചിക്കയും ദൈവതിരുമനസ്സിനനുസൃതമായി പ്രവൎത്തിക്കുന്നതിനു തക്ക വെളിച്ചവും ആത്മീയശക്തിയും

കിട്ടുന്നതിനപേക്ഷിക്കയും ചെയ്യട്ടെ. തന്റെ ജീവിതത്തിൽ ഏററവും പ്രധാനമായതു് ആത്മരക്ഷയുടെതായും അന്വേഷിക്കയെന്നുള്ളതാണെന്നു അവൻ മനസ്സിലാക്കട്ടെ . "ലോകം മുഴുവനും നേടിയാലും തന്റെ ആത്മാവു നഷ്ടപ്പെട്ടാൽ അവന്നു് എന്തു പ്രയോജനം! അഥവാ മനുഷ്യൻ തന്റെ ആത്മാവിനു് ഈടായിട്ടു എന്തു കൊടുക്കും." (മത്തായി ൧൬, ൨൬) എന്നാണു് നമ്മുടെ ദിവ്യരക്ഷകൻ പറയുന്നതു്. (From a C. T. S. Tract.)

# ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

(പി. എച്ച്. എഫ്.)



ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ എന്നതു കത്തോലിക്കരുടെ ഇടയിലുള്ള ഒരു അതിവിശേഷ അഭിവാദ്യപ്രയോഗമാണു്. പ്രസ്തുത പ്രയോഗം പുരോഹിതരെ കണ്ടുമുട്ടുമ്പോൾ അവരോടു മററുള്ളവർ പറഞ്ഞുവരുന്ന ഒന്നാണു്. ത്രികാലജപങ്ങൾ കഴിഞ്ഞിട്ടു് അപ്പനും അമ്മയ്ക്കും പ്രായക്രുട്ടതലനുസരിച്ചു മററു കുടുംബാംഗങ്ങൾക്കും ഇപ്രകാരം സ്വസ്തിചൊല്ലുക എന്ന ഒരു നല്ല സമ്പ്രദായവുമുണ്ടു്. ദീർഘയാത്ര ചെയ്യുന്നതിനായി പുറപ്പെടുമ്പോൾ കാരണവന്മാരോടും, വിവാഹദിവസം ഉടുത്തുചമഞ്ഞു ദേവാലയത്തിലേക്കു പുറപ്പെടുന്ന സമയത്തു മാതാപിതാക്കളോടും ആദ്യ ഗുരുഭൂതനോടും, ഈ സ്വസ്തിപദങ്ങൾ ഉപയോഗിച്ചാണു് അവരുടെ നേർക്കുള്ള തങ്ങളുടെ ബഹുമാനാദരങ്ങളെ ദമ്പതിമാർ പ്രദർശിപ്പിക്കാറുള്ളതു്.

ഈശോയുടെ സർവ്വരാജാധിപത്യത്തേയും തൻമൂലം നമുക്കല്ല, അവിടുത്തേക്കുമാത്രം ചെന്നു ചേരേണ്ടതായ സർവ്വ സ്തുതിക്കുമുള്ള അവിടുത്തെ അനിഷേധ്യമായ അർഹതയേയുമാണു് പ്രസ്തുത സ്വസ്തിപദങ്ങൾ സൂചിപ്പിക്കുന്നതു്. ഇരുഭാഗക്കാരും തമ്മിലുള്ള പരസ്പരബഹുമാനത്തേയും വണക്കത്തേയും ഐക്യതയേയും അവ അർത്ഥമാക്കുന്നുണ്ടു്. ഇതു് ഓരോരുത്തർക്കും അനുഭവസിദ്ധമാകയാൽ വേറെ തെളിവൊന്നും ആവശ്യമില്ല. 'ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ' എന്നുള്ളതു് എത്ര അർത്ഥവത്തായ ഒരു പ്രയോഗം! എത്ര ഭക്തിജനകമായ ഒരു പദസഞ്ചയം!

ഈ സ്വസ്തിപറച്ചിൽ പൂർവ്വകാലത്തു കേരളീയകത്തോലിക്കരുടെ ഇടയിൽ ശക്തിപ്പെട്ടിരുന്നുവെന്നതു് അഭിമാനകരംതന്നെ. ഇന്നാവട്ടെ അതിനു അല്പം വാട്ടം തട്ടിയിരിക്കുന്നുവെന്നു സവ്യഥം പറയേണ്ടിയിരിക്കുന്നു. പട്ടക്കാരെ കണ്ടുമുട്ടുമ്പോൾ രണ്ടു കൈകളും കൂപ്പി 'ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ' എന്നു പറയുന്നതിനു പകരം ഇപ്പോൾ ചിലർ വലതുകയ്യ് നെററിയോളം ഉയർത്തി പോലീസുകാരെപ്പോലെ 'സല്യൂട്ട്' ചെയ്യുന്നു; ചിലരാകട്ടെ ഒന്നും ഉരിയാടാതെ കടന്നുകളയുന്നു, മററുചിലർ ഏതൊക്കെ പറയുന്നുണ്ടെങ്കിലും അതു് നമ്മുടെസ്വസ്തിപദങ്ങളിൽ നിന്നു വിഭിന്നങ്ങളായ "ഗുഡ് മോർണിങ്ങ്",

കുമോ അവനു ദുരിതം. (വി. മത്തായി XVIII. 7.)

ഇടർച്ചകളുണ്ടായാലും, ആടുകളെ വിഴുങ്ങുന്ന ക്രൂരചെന്നായ്ക്കൾ വെളിയിൽ കാണപ്പെട്ടാലും, സത്യസഭ എന്നും സുസ്ഥിരമായി നിലനിൽക്കും. എന്തെന്നാൽ "നരകവാതലുകൾ അതിനെ ജയിക്കയില്ല" എന്ന് സഭാസ്ഥാപകനായ മ്ശിഹാ വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവമായ മ്ശിഹായുടെ വാഗ്ദാനത്തിനു ഒരിക്കലും ഭംഗംവരികയില്ല എന്നുള്ളതു നിസ്തർക്കമാണല്ലൊ.

## ൧൯൩൨-ാം ഒക്ടോബറിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### കൂട്ടമായ പ്രാൎത്ഥന.

നമ്മുടെ കൎത്താവു പ്രാൎത്ഥനയേക്കുറിച്ചു അരുളിച്ചെയ്ത ഉപദേശങ്ങളിൽ ഒന്നു കൂട്ടമായ പ്രാൎത്ഥനയെക്കുറിച്ചായിരുന്നു. തന്റെ നാമത്തിൽ രണ്ടുപേർ ഒന്നിച്ചുകൂടി പ്രാൎത്ഥിക്കുന്നതായാൽ താൻ അവരുടെ നടുവിലുണ്ടായിരിക്കും എന്നു താൻ വാഗ്ദാനം ചെയ്യുന്നു. കൂട്ടമായി പ്രാൎത്ഥിക്കുന്നതിനുള്ള സമ്മാനം ഏററം ഉന്നതമാണ്. കൎത്താവിന്റെ സാന്നിദ്ധ്യം തന്നെയാണ് സമ്മാനമായി താൻ വാഗ്ദാനം ചെയ്യുന്നതു്.



കൂട്ടമായ പ്രാൎത്ഥന ഇത്ര പ്രയോജനകരമായതുനിമിത്തമാണ് തിരുസഭ ആരംഭകാലം മുതല്ക്കേ കൂട്ടമായ പ്രാൎത്ഥനകൾ നടത്തിവരുന്നതു്. റൂഹാദക്കുദശായെ കൈക്കൊള്ളുന്നതിനു ശ്ലീഹന്മാരും മററു വിശ്വാസികളും കൂട്ടമായ പ്രാൎത്ഥനയിൽ ജാഗരൂകരായിരുന്നു. പൂൎവ്വക്രിസ്ത്യാനികൾ ഞായറാഴ്ചകളിലും മററു ദിവസങ്ങളിലും കൂട്ടമായി പ്രാൎത്ഥിച്ചിരുന്നതായി ശ്ലീഹന്മാരുടെ നടപടിയിൽ കാണുന്നുണ്ടു്. തിരുസഭ ഈ നല്ല മുറയെ സദാ ആദരിച്ചുവരുന്നതിനാൽ ദേവാലയത്തിൽ വിശ്വാസികൾ കൂടി പല പൊതുജപങ്ങൾ നടത്തുന്നതു കൂടാതെ പ്രത്യേകാവശ്യങ്ങൾ നേരിടുമ്പൊഴും പൊതു പ്രാൎത്ഥനകൾ നടത്തുന്നതിനുവേണ്ട ഏൎപ്പാടുകൾ ചെയ്തുവരുന്നുണ്ടു്.

എന്നാൽ ദേവാലയത്തിൽ പോയി കൂട്ടമായി പ്രാൎത്ഥിപ്പാൻ എന്നും എല്ലാവൎക്കും തരപ്പെട്ടു എന്നുവരികയില്ല. ഇങ്ങനെയുള്ളവർ തങ്ങളുടെ വീടുകളിൽ കൂട്ടമായി ജപം ചെയ്യുന്നതു വളരെ നല്ലതാണ്. കൂട്ടമായ ജപങ്ങൾ എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും നടത്തിവന്നിരുന്ന കാലം ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ കുടുംബാംഗങ്ങൾ പല പല ജോലികളിൽ ഏൎപ്പെട്ടു സ്വഭവനങ്ങളിൽ നിന്നു ദൂരെപ്പോകുന്നതിനും തന്നിമിത്തം നേരത്തേ മടങ്ങിവരാതിരിക്കുന്നതിനും ഇടയാകുന്നുണ്ടു. ഇതു കൂട്ടമായ പ്രാൎത്ഥനനടത്തുന്ന കാൎയ്യത്തിൽ പലപ്പോഴും തടസ്സമായിത്തീരുന്നു. പക്ഷേ കൂട്ടമായ പ്രാൎത്ഥനയുടെ മാഹാത്മ്യം ശരിയായി ഗ്രഹിക്കുന്നപക്ഷം ഇങ്ങിനെയുള്ളവർ നിസ്സാരകാരണങ്ങൾ നിമിത്തം കൂട്ടമായ പ്രാൎത്ഥന ഉപേക്ഷിക്കയില്ല. ആകയാൽ ഈ മാഹാത്മ്യം എല്ലാവരും നന്നായി ഗ്രഹിച്ചു കഴിയുന്നതും കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചു, പ്രാൎത്ഥനകൾ നടത്തുന്നതിനു എല്ലാ ക്രിസ്തീയ കുടുംബ

ങ്ങളിലും ഇടയാകുന്നതിനായി ന. ക ർത്താവീശോമ്ശിഹായുടെ തിരുഹൃദയ ത്തോടു ഈ മാസത്തിൽ എവരും പ്രത്യേകം പ്രാൎത്ഥിക്കണം.

നവംബർ— "ശുദ്ധീകരണാത്മാക്കളെ സഹായിക്കു".

# കൎമ്മലമാതാവിന്റെ കുഞ്ഞുമക്കൾക്ക്.

## കാവൽ മാലാഖമാരോടുള്ള ഭക്തി.

പ്രിയ കുഞ്ഞുങ്ങളെ,

നമ്മുടെ എല്ലാ വഴികളിലും നമ്മെ കാത്തുപാലിക്കുന്നതിനായി ദൈവം നമുക്കു പരിശുദ്ധരായ മാലാഖമാരെ തന്നിരിക്കുന്നു. ദൂരദേശത്തേക്കുള്ള ചെറിയ തോബിയാസിന്റെ യാത്രയിൽ വി. റപ്പായേൽ ദൈവദൂതൻ അയാളെ നയിച്ചു അപകടങ്ങളിൽനിന്നു രക്ഷിച്ച് സ്വന്ത വീട്ടിൽ തിരികെ കൊണ്ടുവന്നാക്കിയതുപോലെതന്നെ, നമ്മുടെ കാവൽ മാലാഖമാർ നമ്മുടെ കാൎയ്യത്തിലും പ്രവൎത്തിക്കുന്നുവെന്നു പറയാം.

റപ്പായേൽ മാലാഖായുവാപായ തോബിയാസിനെ യാത്രാവേളയിലുണ്ടായ എല്ലാ അപകടങ്ങളിൽനിന്നും കാത്തുരക്ഷിക്കുകയും, മറ്റുവിധത്തിൽ അയാൾക്കു പ്രാപിക്കാൻ കഴിയാതിരുന്ന നിധിയെ കരസ്ഥമാക്കികൊടുക്കുകയും, ഒരു പരിശുദ്ധമായ വിവാഹത്താലും ലൌകിക ധനസമ്പാദനത്താലും അയാളെ സൌഭാഗ്യവാനാക്കുകയും, സ്വന്തകുടുംബത്തിനുവേണ്ടിയുള്ള നല്ല നിശ്ചയങ്ങളെ ഫലിപ്പിക്കുകയും, കുടുംബത്തിന്റെ ഒരു സന്തോഷാശ്വാസമാക്കിതീൎക്കുകയും, വൈവാഹിക ജീവിതത്തിൽ ഒരുവിധ മാലാഖാമാൎക്കുള്ള ശുദ്ധതയെ പാലിക്കാൻ പഠിപ്പിക്കുകയും എല്ലാവക പുണ്യങ്ങളിലും പരിശീലിപ്പിക്കുകയും, ചെയ്തതായി നാം കാണുന്നു. ചെറിയ തോബിയാസു റപ്പായേൽ മാലാഖായുടെ നിർദ്ദേശങ്ങൾക്കനുസരണമായി പ്രവൎത്തിച്ചതിനാലത്രെ ഈ ഗുണങ്ങളെല്ലാം പ്രാപിച്ചതു്. അതിനാൽ നാമും കാവൽ മാലാഖായുടെ നല്ല പ്രേരണകൾക്കു വശംവദരായി പ്രവൎത്തിച്ചാൽ നമ്മുടെ നിത്യഭവനമായ സ്വൎഗ്ഗത്തിലേക്കുള്ള ദീൎഘപ്രയാണത്തിൽ അപകടമൊന്നും കൂടാതെ മാലാഖാമാർ നമ്മെയും നയിക്കുന്നതാണു. മനുഷ്യരെ നാശത്തിൽ വീഴിക്കാൻ സദാ യത്നിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടാരൂപികൾക്കു വിരോധമായി ഇവർ സദാ യുദ്ധംചെയ്തുകൊണ്ടു് മനുഷ്യരെ സഹായിക്കുന്നു. ആകയാൽ ഈ ഉത്തമ സ്നേഹിതന്മാരെ എല്ലായ്പോഴും, പ്രത്യേകിച്ചു ഇവരുടെ ഭക്തിക്കായി തിരുസഭ നിശ്ചയിച്ചിരിക്കുന്ന ഈ ഒക്ടോബർ മാസത്തിലും സ്നേഹിക്കുകയും അവരോടു നന്ദി പ്രദൎശിപ്പിക്കുകയും ചെയ്യേണ്ടതാണു്.

## ഈ മാസത്തെ മദ്ധ്യസ്ഥൻ— വി. അല്ലോൻസ്സ് റൊഡ്റിഗസ്സ്.

(തിരുനാൾ ഒക്ടോബർ 30.)

1531-ൽ ജാതനായി 87-ാമത്തെ വയസ്സിൽ നിൎയ്യാതനായ വി. അല്ലോൻസ്സ് റൊഡ്റിഗസ്സ് ഈശോസഭയിലെ ഒരു തുണസഹോദരനായി ദീൎഘകാലം ജീവിതം നയിച്ചശേഷമാണു് മരണം പ്രാപിച്ചതു്. വിവാഹിതനായിരുന്ന ഇദ്ദേഹം ഭാൎയ്യയുടെയും മക്കളുടെയും മരണാനന്തരമാണു് സന്യാസത്തിൽ പ്രവേശിച്ചതു്. അവിടെ നാല്പതിൽപരം കൊല്ലങ്ങളോളം ഈ വിശുദ്ധൻ പലവിധമായ ശാരീരികരോഗങ്ങൾക്കും പുറമെ ഭയങ്കരങ്ങളായ പൈശാചികപരീക്ഷകളും സഹിച്ചിരുന്നു. ദുഷ്ടാരൂപിയോടുള്ള ഈ പോരാട്ടത്തിൽ ദേവമാതാവിനോടുള്ള അസാമാന്യഭക്തി ഈ പുണ്യവാനു ഒരു പ്രത്യേക സഹായമായിരുന്നു.

"കന്യക മറിയത്തിന്റെ ഭക്തനായ വി. അല്ലോൻസേ ഞങ്ങൾക്കു വേണ്ടിയപേക്ഷിക്കണമെ."

# വർത്തമാന സംഗ്രഹം.

വി. ബനദിക്തോസിന്റെ സഭ വകയായി ഇന്നു ലോകത്തിൽ 326 ആശ്രമങ്ങളും 14972 അംഗങ്ങളുമാണുള്ളത്. ഈ സഭ ഉണ്ടായിട്ടു 1400 കൊല്ലങ്ങളോളമായി. ഇക്കാലത്തിനിടയിൽ ഈ സഭാംഗങ്ങളായി 24 പാപ്പാമാരും 202 കർദ്ദിനാളന്മാരും 7000 മെത്രാപ്പോലീത്തമാരും 15000 മെത്രാന്മാരും ഉണ്ടായിട്ടുണ്ടു. ഈ സഭയിലേക്കു ഏതു നിലയിലുള്ള ആളുകളും ആകഷിക്കപ്പെട്ടിട്ടുണ്ട്. 20 ചക്രവർത്തികളും 10 ചക്രവർത്തിനികളും 47 രാജാക്കന്മാരും 50 രാജ്ഞികളും 24000 പ്രഭുക്കന്മാരും തങ്ങളുടെ രാജകീയ വസ്ത്രാലങ്കാരങ്ങൾ ഉപേക്ഷിച്ചു ഈ സഭയുടെ വസ്ത്രം സ്വീകരിച്ചു സന്യാസികളോ സന്യാസിനികളോ ആയിതീർന്നിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. + + +

ഇൻഡ്യൻ ഭരണപരിഷ്ക്കാരത്തേക്കുറിച്ചാലോചിക്കുന്നതിനു ലണ്ടനിൽ കൂട്ടുവാനിരിക്കുന്ന വട്ടമേശസമ്മേളനത്തിലേക്കു ഇൻഡ്യയിൽനിന്നു അമ്പതു പ്രതിനിധികളേയാണു വൈസ്രോയി ക്ഷണിച്ചിരിക്കുന്നതു. കത്തോലിക്കരുടെ പ്രതിനിധിയായി തഞ്ചാവൂർ ഡിസ്ട്രിക്ട്ബോർഡ് പ്രസിഡണ്ടു പന്നീർശെൽവം അവർകളെയാണു ക്ഷണിച്ചിരിക്കുന്നത്.

\+ + +

ഐർലണ്ടിൽ വാട്ടർഫോർഡിൽ വെച്ചു കാലം ചെയ്തു മംഗലാപുരം, മെത്രാനച്ചൻ മൊൻ.ഡിസൂസായുടെ മൃതശരീരം മംഗലാപുരത്തു സംസ്കരിക്കുന്നതിനായി കപ്പൽമാർഗ്ഗം ഇൻഡ്യയിലേക്കു കൊണ്ടുവരുന്നുണ്ട്. ഈ മാസാരംഭത്തോടെയെങ്കിലും മൃതശരീരം മംഗലാപുരത്തു വന്നെത്തുമെന്നാണ് അറിയുന്നതു.

\+ + +

കഴിഞ്ഞ മാസത്തിൽ സ്വിററ്സർലണ്ടിൽവെച്ചു നിര്യാതനായ അമേരിക്കയിൽ മിൽവോക്കിയിലെ മെത്രാപ്പോലീത്താ മൊൻ. മെസ്മറിന്റെ നിര്യാണശേഷം അദ്ദേഹത്തിന്റെ അരമന കാര്യങ്ങൾ അന്വേഷിച്ചിരുന്ന ഒരു കന്യാസ്ത്രീക്കു രണ്ടു രാത്രിയിൽ ഒരു സ്വപ്നമുണ്ടായി. തന്റെ പുസ്തകങ്ങളുടെയിടയിൽ ഒരു സഞ്ചിയുണ്ടെന്നും അതിലെ പണം കുർബാന ചൊല്ലിക്കാനാണെന്നും മെത്രാപ്പോലീത്താ തന്നോടു പറയുന്നതായിട്ടായിരുന്നു സ്വപ്നം. ആ കന്യാസ്ത്രീ ഒരു കൂട്ടുകാരിയൊരുമിച്ചു സ്വപ്നത്തിൽ കേട്ടപ്രകാരം പുസ്തകങ്ങൾ മാററി നോക്കിയതിൽ 30 ഗ്രിഗോരിയൻ കുർബാനയ്ക്കുള്ള ധർമ്മം ഒരു സഞ്ചിയിൽ കാണുകയുണ്ടായി.

\+ + +

1929-ൽ ആകെ 8389 പട്ടക്കാർ മിഷ്യൻ ജോലിയിൽ ഏർപ്പെട്ടിരുന്നതായി കാണുന്നു. ഇവരിൽ 3,100 ഫ്രഞ്ചുകാരും 815 ബെൽജിയംകാരും, 7[illegible]4 ഇററാല്യരും, 612 ജർമ്മൻകാരും, 606 ലന്തക്കാരും, 574 സ്പെയിൻകാരും, 274 അമേരിക്കരും, 67 ഇംഗ്ലീഷ്കാരും, 124 ഐർലണ്ടുകാരും, 123 കാനഡാക്കാരും, 13 പോലണ്ടുകാരുമാണു.

\+ + +

മക്കാവോയിലെ മെത്രാനെ പോർട്ടുഗലിലുള്ള മൂന്നു മിഷ്യൻ സെമ്മിനാരികളുടെ ഭരണം കയ്യേൽക്കുന്നതിനായി പോർട്ടുഗലിലേക്കു ക്ഷണിച്ചിരിക്കുന്നു. ഇപ്പോൾ ഈ ജോലി നിർവ്വഹിച്ചുവരുന്ന ദേഹം ഗോവാപാത്രിയർക്കീസായി നിയമിതനായിക്കയാണല്ലൊ. ഇനി അധിക കാലവിളംബം കൂടാതെ അദ്ദേഹം ഗോവായിലെ രൂപതാഭരണം കയ്യേൽക്കുമെന്നു പ്രതീക്ഷിക്കാം.

\+ + +

കോട്ടയത്തു സ്ഥാപിച്ചിരിക്കുന്ന വിജയപുരം രൂപതയ്ക്കു ഒരു മെത്രാനെ നിയമിക്കുന്നതുവരെ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക് ആയി വരാപ്പുഴെ കർമ്മലീത്താ പ്രൊവിൻഷ്യലായ വെരി. റവ. ഫാദർ ബൊനവൻചൂർ ഒ. സി. ഡി. യെ നിയമിച്ചിരിക്കുന്നു.

\+ + +

സേലം മെത്രാനായി നിയമിതനായ മൊൻ. പ്രുനീയേറിന്റെ മെത്രാഭിഷേകം സെപ്റ്റംബർ പതിനാലാം

തീയതി സേലത്തുള്ള ആരോക്യമാതാ ദേവാലയത്തിൽവെച്ച പോണ്ടിച്ചേരി മെത്രാപ്പോലീത്താ നിൎവ്വഹിച്ചിരിക്കുന്നു. 2500 പ്രതിനിധികൾക്കു വേണ്ട എല്ലാ സൗകൎയ്യങ്ങളും സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു് അപേക്ഷിക്കണം.

വി. ചെറുപുഷ്പത്തിന്റെയും വി. അന്തോനീസിന്റെയും കരുണയാൽ എനിക്കു പെട്ടെന്നു നേരിട്ട വലിയ ഒരാപത്തിൽ നിന്നു മോചനം ലഭിച്ചതിനു. പുറത്തൂർ സി. അന്തോണി

കൊളമ്പു.

തിരുക്കുടുംബത്തിന്റെയും വി. അന്തോനീസിന്റെയും വിശിഷ്യ കൎമ്മലമാതാവിന്റെയും മാദ്ധ്യസ്ഥം വഴിയായി എനിക്കു ലഭ്യമായ നിരവധി നന്മകൾക്കു ഉപകാരസ്മരണ.

ഫൗസ്റ്റിൻഗോമസ്സ്, മുണ്ടോട്ടു.

കാലസിന്റെ വേദഞെരുക്കകാലത്തു 1927 നവംബർ 23-ൽ വേദസാക്ഷിയായ ഫാദർ അഗസ്റ്റീൻ പ്രോയുടെ മാദ്ധ്യസ്ഥാപേക്ഷയാൽ പ്രത്യേകമായ ദൈവാനുഗ്രഹം സിദ്ധിച്ചതിനു ഉപകാരസ്മരണയായി പരസ്യം ചെയ്യുന്നു.

ഫാദർ സി. പയ്യാത്തു മററം, മൂഴൂർ.

വി. റീത്താപുണ്യവതിയുടെ സഹായത്താൽ ഒരു കാൎയ്യം സാധിച്ചതിനും എന്റെ സുഖക്കേടു നീങ്ങിയതിനുമായി.

എൻ. എൻ. പുളിങ്കുന്നു.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ.

ജോസഫ് വിൻസന്റു, മററക്കര.

തിരുഹൃദയത്തിന്റെയും, മാതാവു്, വി. യൌസേപ്പു പിതാവു്, വി. അന്തോനീസ്സു, കൊച്ചുത്രേസ്യാ പുണ്യവതി, വി. ഗ്രീഗോറി, കുഞ്ഞാലച്ചേരിൽ മെത്രാനച്ചൻ എന്നിവരുടെയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു.

പി. എം. സെബാസ്റ്റ്യൻ,
വടക്കൻ വെളിയനാട്ട്.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ഒരു കേസ്സു ജയിച്ചതിനു.

പുന്നത്ര.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

ററി. മത്തായി, പ്ലാശ്ശനാൽ.

തിരുകുടുംബത്തിന്റെ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യലാഭം സിദ്ധിച്ചതിനു്. ററി. മോനിക്കാ, മണിയങ്ങാട്ടു്.

കൊഴുവനാൽ.

ചെറുപുഷ്പംവഴിയായി പല കാൎയ്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ വി. വി. കോതമംഗലം.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

കടമാളൂർ പള്ളിഇടവക ചൂരപ്പുത്തു ഒത്തോമ്മൻ വറുഗീസ്സു് ജൂലൈ 15 വയസ്സ് 65–

പൂവരണി പള്ളി ഇടവക പുല്ലാട്ടു അന്ന അഗസ്റ്റ് 23 വയസ്സ് 50–

പ്രവിത്താനം പള്ളിഇടവക ഇല്ലിക്കൽ കരവട്ടു് മത്തായി മത്തായി അഗസ്റ്റ് 25 വയസ്സ് 78–

എടത്വാ പള്ളി ഇടവക മണക്കുളത്തിലായ പരുത്തിപ്പള്ളിൽ ഔസേഫ് വക്കി അഗസ്റ്റ് 30 വയസ്സ് 18–

കുറുർ പള്ളിഇടവക മംഗലത്തിൽ ദേവസ്യാ അഗസ്റ്റ് 30–

Printed and Published for the Proprietor by P. K. Joseph at
the St, Joseph's Press, Mannanam. 1930.